

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഓച്ചിറ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2025-2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-KLM-P8/1514/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 08/09/2026
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഓച്ചിറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്–പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്–പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-KLM-P8/1514/2026 തീയ്യതി: 08/09/2026

കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2025 മുതൽ 31-03-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 11-08-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ

അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി പ്രീത എസ് എസ്	ഡെപ്യൂട്ടി ഡയറക്ടർ	28-07-2026	11-08-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
28-07-2026	11-08-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധ്യ പി., ഓഡിറ്റ് ഓഫീസർ

ശ്രീ. അരുൺജിത്ത് ജി., അസ്സി. ഓഡിറ്റ് ഓഫീസർ

ശ്രീമതി ദിവ്യ ജെ., അസ്സി. ഓഡിറ്റ് ഓഫീസർ

ശ്രീ. ബിബിൻ ബാബു, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ബി. ശ്രീദേവി	പ്രസിഡന്റ്	01-04-2025	20-12-2025
ശ്രീ അയാണിക്കൽ മജീദി	പ്രസിഡന്റ്	21-12-2025	26-12-2025
ശ്രീ. എൻ കൃഷ്ണകുമാർ	പ്രസിഡന്റ്	27-12-2025	31-03-2026
ശ്രീ ശ്രീരാജ് ആർ	സെക്രട്ടറി	01-04-2025	31-03-2026

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
രാജൻ കെ	അസിസ്റ്റൻറ് സെക്രട്ടറി	01-04-2025	31-03-2026
കെ ജയകുമാർ	അസിസ്റ്റൻറ് എഞ്ചിനീയർ	01-04-2025	31-03-2026
ഡോ ഗീത ആർ	സീനിയർ വെറ്ററിനറി സർജൻ	01-04-2025	31-03-2026
ഡോ. ബിനോയി ഡി രാജ്	മെഡിക്കൽ ഓഫീസർ(സി എച്ച് സി)	01-04-2025	31-03-2026
ശ്രീമതി.ശിൽ പ്പ ഭദ്രൻ	വി ഇ ഒ	01-04-2025	31-03-2026
ശ്രീമതി.ഷീജ എൻ	വി ഇ ഒ	01-04-2025	31-03-2026

രഞ്ജു എസ്	കൃഷി ഓഫീസർ	01-04-2025	03-10-2025
പൊന്നു ബി	കൃഷി ഓഫീസർ	04-10-2025	31-03-2026
പത്മജാദേവി	ഡയറിഫാം ഇൻസ്ട്രക്ടർ	01-04-2025	31-03-2026
ഡെൻസി വർഗിസ്	അക്രെഡിറ്റഡ് എഞ്ചിനീയർ	01-04-2025	31-03-2026
ശ്രീമതി.സെയ്വ്വ വി എസ്	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2025	31-03-2026
ശ്രീമതി നീതു ജി	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2025	20-07-2025
ശ്രീമതി സ്വപ്നകുമാരി	ഐ സി ഡി എസ് സൂപ്പർവൈസർ	21-07-2025	31-03-2026
ശ്രീമതി ഹരീസ പി	ഹെഡ്മിസ്ട്രസ്	01-04-2025	02-06-2025
ശ്രീമതി ഷൈനി മെഹബൂബ	ഹെഡ്മിസ്ട്രസ്	03-06-2025	04-06-2025
ശ്രീമതി ശ്രീജ എസ്	ഹെഡ്മിസ്ട്രസ്	05-06-2025	31-03-2026
ഡോ ദീപ ആർ എസ്	മെഡിക്കൽ ഓഫീസർ(ഹോമിയോ)	01-04-2025	09-11-2025
ഡോ മനോജ പി എസ്	മെഡിക്കൽ ഓഫീസർ(ഹോമിയോ)	10-11-2025	31-03-2026

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ഓൺലൈൻ വരവ് നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല	1-1-1
3	ലഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രേഖകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല.	1-1-2
4	വിവിധ വരവിനങ്ങളുടെ ഡി സി ബി രജിസ്റ്ററുകൾ, പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.	1-1-3
5	വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.	1-1-4
6	ബജറ്റ്	1-2
7	സാമ്പത്തിക വിശകലനം	1-3
8	ഗ്രാന്റ് വിനിയോഗം	1-4
9	പദ്ധതി അവലോകനം	1-5
10	മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
11	ക്ഷേമപദ്ധതികൾ	1-7
12	ക്യാഷ് പരിശോധന	1-8
13	ആഭ്യന്തരനിയന്ത്രണം	1-9

14	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
15	ലേല വരവ്- അപാകങ്ങൾ	1-11
16	കടമുറികൾ ഒഴിഞ്ഞ് കിടക്കുന്നു.	1-12
17	വസ്തു നികുതി- അപാകങ്ങൾ	1-13
18	പഞ്ചായത്ത് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.	1-14
19	തൊഴിൽ നികുതി ഈടാക്കുന്നില്ല	1-15
20	ഫ്രണ്ട് ഓഫീസ് കൗണ്ടർ വഴിയുള്ള UPI പേയ്മെന്റുകൾ, Epos മെഷീൻ വഴി ലഭിക്കുന്ന തുകകൾ ക്രെഡിറ്റ് ആകുന്നതിൽ കാലതാമസം	1-16
21	സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നും കെസ്മാർട്ട് (K-SMART) സോഫ്റ്റ്വെയറിലേക്ക് ഡാറ്റ പോർട്ട് ചെയ്തപ്പോൾ ലഭിക്കാനുള്ള വസ്തുനികുതി കുടിശിക ഡിമാന്റ് തുകയിൽ കുറവ്	1-17
22	ഇ-പേയ്മെന്റ് അക്കൗണ്ടിലെ തുകകൾ ക്രഡിറ്റ് ആയിട്ടില്ല.	1-18
23	വാർഷിക ധനകാര്യ പത്രിക പരിശോധന - വസ്തുനികുതി റൈറ്റ് ഓഫ് രേഖകൾ ലഭ്യമാക്കേണ്ടതാണ്	1-19
24	സി എഫ് സി ഫണ്ടിനായുള്ള ഇ-ഗ്രാം സ്വരാജ് പോർട്ടലിലെ ക്യാഷ്ബുക്ക് ബാലൻസും കെ-സ്മാർട്ടിലെ ബന്ധപ്പെട്ട അക്കൗണ്ടിന്റെ ക്യാഷ് ബുക്ക് ബാലൻസും പൊരുത്തപ്പെടുന്നില്ല	1-20
25	സി.സി.റ്റി.വി ക്യാമറ സ്ഥാപിയ്ക്കൽ കരാറുകാരന് 5980/-രൂപ അധികം നൽകി	1-21
26	ഉണഭോക്തൃവിഹിതം ഇനത്തിലെ തുക ചെലവഴിച്ചിട്ടില്ല	1-22
27	എം.സി.എഫ്.നായി വാങ്ങിയ ഷ്രെഡിംഗ് മെഷീൻ നാളിതുവരെയും സ്ഥാപിച്ചിട്ടില്ല.	1-23

28	ജീവനം പദ്ധതി – കൊല്ലം ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറിയത് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല	1-24
29	ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല- 284782/-രൂപ തടസ്സപ്പെടുത്തുന്നു.	1-25
30	ലൈഫ് ഭവന പദ്ധതി- വീട് നിർമ്മാണം ആരംഭിച്ചില്ല	1-26
31	ലൈഫ് ഭവന നിർമ്മാണം - ഗുണഭോക്താക്കൾ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല	1-27
32	ഓച്ചിറ ടൗണിൽ എൽ.ഇ.ഡി തെരുവ് വിളക്കുകൾ സ്ഥാപിക്കൽ- പ്രവൃത്തി നടത്തിപ്പിൽ അപാകതകൾ	1-28
33	തെരുവ് വിളക്കുകളുടെ പരിപാലനം- അപാകതകൾ	1-29
34	മെൻസ്ട്രൽ കപ്പ് വിതരണം ചെയ്തില്ല.1,72,307/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-30
35	ഓച്ചിറ ഉദ്യാനനഗരം രണ്ടാംഘട്ടം – ജൈവമാലിന്യ നീക്കത്തിൽ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല	1-31
36	പൊതുമരാമത്ത് വർക്ക് - പൂർത്തീകരണസമയം വൈകിയ പ്രവർത്തികൾക്ക് ഫൈൻ ഈടാക്കിയില്ല.	1-32
37	ടാറിന്റെ ബാരൽ വില – ബന്ധപ്പെട്ട അക്കൌണ്ടിലേക്ക് അടച്ചിട്ടില്ല	1-33
38	NREGS പ്രവർത്തികൾ - ചരക്ക് സേവന നികുതിയിൽ നിന്ന് റ്റി.ഡി.എസ് കുറവ് വരുത്തിയിട്ടില്ല .	1-34
39	കേരള വാട്ടർ അതോറിറ്റിയിൽ നിന്നും റീഫണ്ട് ലഭിച്ച തുക തിരിച്ചടക്കാതെ പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.	1-35
40	നിർവ്വഹണഏജൻസികൾക്ക് നല്കിയ അഡ്വാൻസുകൾ ക്രമീകരിച്ചിട്ടില്ല	1-36

ഭാഗം 2

--- No Records Found ---

ഭാഗം 3

1	സി.സി.റ്റി.വി ക്യാമറ സ്ഥാപിയ്ക്കൽ കരാറുകാരന് 5980/- രൂപ അധികം നൽകി	3-1

ഭാഗം 4

1	മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ , വായ്പാതിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-9
10	ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12

അനുബന്ധം

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം –1
പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1)ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2026 മാർച്ച് 31–ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2026 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 06.07.26 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 08.07.26 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2)സി & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2025-26 വർഷത്തേയ്ക്കുള്ള ധനകാര്യപത്രികകൾ 31.03.2026ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2026ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:- കൊല്ലം
തീയതി:-08.09.2026

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

1-1-1 ഓൺലൈൻ വരവ് നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല

SBI E-Payment ബാങ്ക് അക്കൗണ്ടിന്റെ പൊരുത്തപ്പെടുത്തൽ പത്രിക പ്രകാരം 31.03.26 ന് 'Cheque Deposited Not Collected' ആയി കാണിച്ചിട്ടുള്ള മുഴുവൻ തുകയും നാളിതുവരെ ക്രെഡിറ്റ് ആയിട്ടില്ല.

SBI E-Payment എന്ന അക്കൗണ്ടിൽ 31.03.26ൽ ₹196988/- രൂപയാണ് Cheques Deposited But Not Collected ൽ ഉണ്ടായിരുന്നത്. ഇതിൽ ₹86,399/- നാളിതുവരെയും ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല.

1-1-2 ലഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രേഖകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല.

(I) I C D S പ്രോജക്ടിനായുള്ള കേന്ദ്രവിഹിതം തുകയുടെ തൻവർഷത്തെ ചെലവ് , നീക്കിയിരിപ്പ് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. I C D S ഫണ്ടിന്റെ സുലേഖപത്രിക പ്രകാരമുള്ള ചെലവ് ₹16,15,767/- ഉം ധനകാര്യ പത്രിക പ്രകാരം ചെലവ് ₹14,92,751/- ഉം ആണ്. നീക്കിയിരിപ്പിലും വ്യത്യാസം പ്രതിഫലിച്ചിട്ടുണ്ട്.

(Ii) ബി 4 പത്രിക പ്രകാരം സിഎഫ് സി ഫണ്ടിന്റെ 31.3.2026 ലെ ബാധ്യത ₹57,91,523/- ആണ്. എന്നാൽ ബി-17 ലെ ബാങ്ക് അക്കൗണ്ടിന്റെ റികൺസൈൽഡ് ബാലൻസ് ₹58,01,668/- ആണ്.

ബാങ്ക് അക്കൗണ്ടിലെ ബി-17 തുകയും ബി4 ഷെഡ്യൂൾ തുകയും തമ്മിൽ 10145/- രൂപയുടെ വ്യത്യാസമാണ് ഉണ്ടായിട്ടുള്ളത്. ഫൈൻ ഇനത്തിൽ ബില്ലിൽ റിക്കവറി നടത്തിയ തുകകൾ പഞ്ചായത്ത് അക്കൗണ്ടിലേക്ക് രസീത് ചെയ്തിരുന്നെങ്കിലും സിഎഫ് സി ഫണ്ടിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും തനത് ഫണ്ടിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാതിരുന്നതിനാൽ വ്യത്യാസം ഉണ്ടായിട്ടുണ്ട്.

(Iii) സി.എഫ്.സി ഫണ്ട് അക്കൗണ്ടിന്റെ 31.03.2026 തീയതിയിലെ ഇ-ഗ്രാം സ്വരാജ് പോർട്ടലിലെ റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള ക്യാഷ് ബുക്ക് ബാലൻസും (₹75,64,683/-) വാർഷിക ധനകാര്യ പത്രികയിലെ ബാലൻസും (₹58,01,668/-) തമ്മിൽ ₹17,63,015/- രൂപയുടെ വ്യത്യാസം ഉണ്ട്.

1-1-3 വിവിധ വരവിനങ്ങളുടെ ഡി സി ബി രജിസ്റ്ററുകൾ, പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

വസ്തുനികുതി വരവ് , കുടിശിക വിവരങ്ങൾ സഞ്ചയ സോഫ്ട് വെയറിലെ കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നതിന് നടത്തിയ ബുക്ക് അഡ്ജസ്റ്റ്മെന്റുകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. മുൻ വർഷത്തെ ധനകാര്യ പത്രികയിലെ കുടിശിക കണക്കുകൾ തൻവർഷം കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.

ഖ. 1–16 കാണുക

1–1–4 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

ആസ്തി രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തികളുടെ മൂല്യം, ഡിപ്രീസിയേഷൻ തുകകളുടെ കൃത്യത എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1–2 ബജറ്റ്

2025–26 ലെ ബജറ്റ് 20.02.2025 ലെ 1 നം. തീരുമാന പ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 17.2.26 ലെ 14 നം. തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1–3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	53141264 /–
വരവ്	120747994 /–
ആകെ	173889258 /–
ചെലവ്	133411254 /–
നീക്കിയിരിപ്പ്	40478004 /–
വരവിനത്തിലുള്ള നഷ്ടം	0/–
ഓഡിറ്റിൽ അംഗീകരിക്കാത്ത തുക/നിരാകരിക്കുന്ന തുക	5980/–
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1407089 /–

1–4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കയിരിപ്പ്/ലാപ്സ് ആയ തുക

		(പലിശ ഉൾപ്പടെ)			
വികസന ഫണ്ട് (ജനറൽ)	0	18,245,543	18,245,543	18,195,038	50,505
വികസന ഫണ്ട് (എസ്.സി.പി)	0	5,726,733	5,726,733	5,701,551	25,182
സി.എഫ്.സി ടൈഡ് (ബാങ്ക്)	4,365,598	2,714,000	7,079,598	5,847,363	1,232,235
സി.എഫ്.സി ടൈഡ് (ട്രഷറി)	0	331,308	331,308	213,257	118,051
സി.എഫ്.സി അൺടൈഡ് (ബാങ്ക്)	2,617,094	3,788,518	6,405,612	1,846,324	4,559,288
മെയിന്റനൻസ് ഫണ്ട് (റോഡ്)	0	25,999,000	25,999,000	21,955,314	4,043,686
മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)	0	8,137,000	8,137,000	6,842,081	1,294,919
MGNREGS	182,939	2,888,182	3,071,121	3,070,000	1,121
ICDS	4,630,402	3,254,246	7,884,648	1,615,767	6,268,881
ഹെൽത്ത് ഗ്രാന്റ് (വെൽനസ്സ്)	649,449	198,666	848,115	621,712	226,403
ഹെൽത്ത് ഗ്രാന്റ് (ഡയഗ്നോസ്റ്റിക്)	422,332	546,249	968,581	403,219	565,362
ലൈഫ് സംസ്ഥാന വിഹിതം	1,025,000	2,182,514	3,207,514	2,763,359	444,155
TSC	445,016	672,265	1,117,281	756,381	360,900
ശുചിത്വമിഷൻ	115,577	0	115,577	0	115,577
Fund For Transferred Institution (Ayurveda)	10,331	0	10,331	0	10,331
Grant From Other Financial Institution	200,000	0	200,000	0	200,000
Grant From Other Government Agency	127,301	0	127,301	0	127,301

സാക്ഷരത	1,578	221,239	222,817	221,754	1,063
നഗരസഞ്ചയ ഫണ്ട്	0	5,508,076	5,508,076	5,508,076	0
Disaster Management Fund	0	100,000	100,000	0	100,000
Election Fund	0	82,500	82,500	82,500	0

1-5 പദ്ധതി അവലോകനം

തൻവർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ, നടപ്പാക്കിയതിന്റെ വിവരം എന്നിവ താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
245	216802817	218	87890339	62	27	40.5

1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരുപ്പ് ₹
ഭരണ ചെലവുകൾ	182939	2888182	3071121	3070000	1121
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	39537000	39537000	39537000	0

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതികളുടെ പേര്	ചെലവഴിച്ച തുക (₹)
കർഷകതൊഴിലാളി പെൻഷൻ	5721800
വിധവാ പെൻഷൻ	23636500
വാർദ്ധക്യകാല പെൻഷൻ	52780300
വികലാംഗ പെൻഷൻ	7877800
അവിവാഹിതരായ 50 വയസിന് മുകളിലുള്ള വനിതൾക്കുള്ള പെൻഷൻ	916000

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.08.2026 തീയതി 11.45AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 763/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ അക്കൌണ്ടിംഗ് സംവിധാനം KSMART ലേക്ക് മാറിയിട്ടുണ്ട് .സുലേഖ , പ്രൈസ് സോഫ്റ്റ്വയറുകളുടെ പ്രവർത്തനം നിലവിലും സ്വതന്ത്രമായി പ്രവർത്തിക്കുന്നു . ലൈസൻസ് , വസ്തു നികുതി എന്നിവയുടെ ഡേറ്റകൾ KSMART ലേക്ക് മാറ്റിയപ്പോൾ വ്യത്യാസം വന്നിട്ടുണ്ട്. ഉണഭോക്തൃവിഹിതമിനത്തിൽ 778398 രൂപ അക്കൌണ്ടിൽ ബാലൻസ് കാണിക്കുന്നു. ജി.എസ്.ടി.ഇനത്തിൽ ഈടാക്കപ്പെടുന്ന തുക പൂർണമായും ജി.എസ്.ടി വകുപ്പിൽ അടയ്ക്കുന്നില്ല. MCF ലേക്ക് വാങ്ങിയ ഷ്രെഡ്ഡിംഗ് മെഷൻ പശ്ചാത്തല സൌകര്യത്തിന്റെ അഭാവത്തിൽ നിഷ്ക്രീയ ആസ്തിയായി തുടരുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	28.08.2025	01.04.2020 - 31.03.2025	03.10.2025

1-11 ലേല വരവ്- അപാകങ്ങൾ

A)പഞ്ചായത്തിൽ ലേലം ചെയ്ത വസ്തുക്കളിൽ നിന്നും ഈടാക്കിയ ജി എസ് ടി തുക ജി എസ് ടി ഹെഡിൽ അടവാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഇനം	ലേലം കൊണ്ട വ്യക്തി	തുക(ജി എസ് ടി തുക ഉൾപ്പെടെ)
1)	കൊറ്റംപള്ളി കുത്താൻകുളം	രാജു	6250/

2)	തഴത്തോട് കുളം	മനോജ്	1000/-
3)	ചേനാട്ടുശ്ശേരി കിഴക്കേ ചാൽ	ശ്രീകുമാർ	12000/-
4)	മേമന എൽ പി സ്കൂളിൽ നിൽക്കുന്ന ഫലവൃക്ഷങ്ങൾ	സിദ്ധിക്ക്	1600/-
5)	പഞ്ചായത്ത് ഓഫീസിൽ നിൽക്കുന്ന തെങ്ങുകളുടെ മേലാദായം	സിദ്ദിഖ്	500/-
6)	മഠത്തിൽ കാരായിമ്മ എൽപിഎസ് ഗ്രൗണ്ടിൽ നിൽക്കുന്ന വൃക്ഷങ്ങളുടെ മേലാദായം	ബിന്ദു	400/-

ലേലം ചെയ്ത വസ്തുക്കളിൽ നിന്നും ജി എസ് ടി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(17 /10.08.2026) മറുപടിയായി ഇനങ്ങളിൽ നിന്നും ജി എസ് ടി ഉൾപ്പെടെയുള്ള തുകയാണ് ഈടാക്കിയിട്ടുള്ളതെന്നും ആയത് ജി എസ് ടി അക്കൌണ്ട് ഹെഡിൽ അടവാക്കുന്നതാണെന്നും മറുപടി നൽകി.
ജി എസ് ടി തുക പ്രസ്തുത അക്കൌണ്ട് ഹെഡിലേക്ക് മാറ്റിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-12 കടമുറികൾ ഒഴിഞ്ഞ് കിടക്കുന്നു.

സ്റ്റാൾ നമ്പർ 13,14,17 എന്നീ കടമുറികൾ ഒഴിഞ്ഞു കിടക്കുന്നു. കടമുറികൾ വാടകയ്ക്ക് നൽകാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(17 /10.08.2026) സ്റ്റാളുകൾ അപകടഭീഷണിയിലായതിനാൽ ആരുംതന്നെ വാടകയ്ക്ക് എടുത്തിട്ടില്ലെന്നും പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണെന്നും മറുപടി നൽകി.
പുനർനിർമ്മാണ പ്രക്രിയയ്ക്ക് ശേഷം കടമുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.തുടർ നടപടി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-13 വസ്തു നികുതി- അപാകങ്ങൾ

A)പഞ്ചായത്തിന്റെ 22.04.2023 ലെ 2(1) തീരുമാനപ്രകാരം 300 ച മീ വരെയുള്ള പാർപ്പിട ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കു 1 ച മീറ്ററിന് 9 രൂപയും 300 നു മുകളിലുള്ള പാർപ്പിട ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കു 12 രൂപയുമാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ പഞ്ചായത്തിലെ 300 ച മീറ്ററിന് മുകളിൽ വിസ്തീർണം ഉള്ള കെട്ടിടത്തിൽ നിന്നും 12 രൂപയ്ക്ക് പകരം കുറഞ്ഞ നിരക്കായ 9 രൂപയ്ക്ക് വസ്തുനികുതി ഈടാക്കിയിരിക്കുന്നു.വിശദാംശം ചുവടെ ചേർക്കുന്നു.

വാർഡ്	കെട്ടിട നമ്പർ	ഉടമയുടെ പേര്	വിസ്തീർണം	നിർണയിച്ച നിരക്ക്	നിർണ്ണയിക്കേണ്ട നിരക്ക്	ഈടാക്കിയ വസ്തു നികുതി	ഈടാക്കേണ്ട വസ്തു നികുതി	വ്യത്യാസം
1	654	ROHINIKKUTTIAMMA	351.11	9	12	4207	5609	1402
8	657	Gopakumar	343.14			4475	5675	1200
1	800	S.Santhosh	305.52			3660	4880	1220
12	880	SANTHOSH KUMAR R	346.66			4880	6501	1621
10	918	Unnikrishnan	366.55			5157	6874	1717
ആകെ								7160

വസ്തു നികുതിയുടെ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (24/11.08.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.
ഈടാക്കാനുള്ള വസ്തു നികുതി പ്രസ്തുത വ്യക്തികളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-14 പഞ്ചായത്ത് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

A) കെ സ്മാർട്ടിലെ ലൈസൻസ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ 3-ാംവാർഡിലെ 11-ാം നമ്പർ കെട്ടിടത്തിലെ (ഉടമ- മുഹമ്മദ് സലാം) സ്വകാര്യ ആശുപത്രി/ പാരാ മെഡിക്കൽ സ്ഥാപനം ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നു.
B)ഹരിത സഹായ സ്ഥാപനമായ IRTC റിപ്പോർട്ട് പ്രകാരം 1155 കടകൾ/സ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ട്. ട്രേഡേഴ്സ് ലിസ്റ്റിലെ കടകളുടെ എണ്ണവും IRTC റിപ്പോർട്ടിലെ കടകളുടെ എണ്ണവും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.
പാരാ മെഡിക്കൽ സ്ഥാപനം ലൈസൻസ് പുതുക്കാത്തതും ട്രേഡേഴ്സ് ലിസ്റ്റിലെയും IRTC റിപ്പോർട്ടിലെയും കടകളുടെ അന്തരവും സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/06.08.2026) മറുപടിയായി മേൽ സൂചിപ്പിച്ച കെട്ടിടത്തിന്റെ ലൈസൻസ് അടിയന്തിരമായി പുതുക്കുന്നതിന് കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ട്രേഡേഴ്സ് ലിസ്റ്റിലെ കടകളുടെ എണ്ണത്തിന്റെയും IRTC റിപ്പോർട്ടിലെ കടകളുടെ എണ്ണത്തിന്റെയും വ്യത്യാസത്തിന് കാരണം ഹരിതകർമ്മസേന ലൈസൻസ് വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കിയിട്ടുള്ള ഇരുചക്ര/മുച്ചക്ര വാഹനങ്ങളിൽ സംരംഭ പ്രവർത്തനങ്ങൾ നടത്തുന്നവർ,പെട്ടികടകൾ,മറ്റ് വഴിയോര കച്ചവടക്കാർ,സ്വകാര്യ

പണമിടപാട് സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും ഒന്നിലധികം കെട്ടിടനമ്പർ രേഖപ്പെടുത്തി ഒറ്റ സ്ഥാപനമായി ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ഓരോ കെട്ടിടങ്ങൾക്കും പ്രത്യേകമായി യൂസർഫീ ഈടാക്കുന്നത് മൂലമാണെന്ന് അറിയിച്ചു.
ക്രമ നം. (A) യിൽ പരാമർശിക്കുന്ന സ്ഥാപനത്തിൽ നിന്നും ലൈസൻസ് തുക ഈടാക്കി ഓഡിറ്റിനെ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. സ്ഥാപനങ്ങൾ ലൈസൻസ് എടുത്താണ് പ്രവർത്തിക്കുന്നതെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

1-15 തൊഴിൽ നികുതി ഈടാക്കുന്നില്ല

A) പഞ്ചായത്തിലെ താഴെ പരാമർശിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും സ്ഥാപനനികുതിയും രണ്ട് അർദ്ധവർഷങ്ങളിലും ഈടാക്കിയിട്ടില്ല.

ക്രമ നമ്പർ	സ്ഥാപനം	ഡോർ നമ്പർ
1.	കല്യാണശ്ശേരി ആയുർവേദം	2/166
2.	അപ്സര ജ്വല്ലറി	2/298
3.	കരിങ്ങാട്ടിൽ ഇൻഡസ്ട്രി	2/669
4.	വൈദ്യരത്നം ഔഷധശാല	2/1137
5.	കോട്ടയ്ക്കൽ ആര്യവൈദ്യശാല	2/439
6.	നിസ ജ്വല്ലറി	2/786
7.	ബിസ്മി എൻറെ പ്രൈസ്	2/237
8.	ഹൈഡ പവർ ടൂൾസ്	2/1516
9.	പത്മിനി ഗോൾഡ്	2/636

10.	റിജ്ജസ് ഡിജിറ്റൽ മാർട്ട്	2/591
11.	BPR ഭാരത് ഗ്യാസ്	2/379
12.	SM ഇലക്ട്രിക്കൽ	2/1595
13.	പരബ്രഹ്മ ജ്വവല്ലേഴ്സ്	2/191
14.	വന്ദനം ഗ്യാസ് ഏജൻസി	3/443
15.	ചേനല്ലൂർ ജ്വല്ലറി	3/200

B) പഞ്ചായത്തിലുള്ള റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതിയും സ്ഥാപനനികുതിയും ഈടാക്കുന്നില്ല.
തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (18/10.08.2026) ക്രമ നമ്പർ 1 മുതൽ 9 വരെയുള്ള സ്ഥാപനങ്ങളിൽ ഒരു തൊഴിലാളി മാത്രമേ ജോലി ചെയ്യുന്നുള്ളൂ എന്നും ക്രമ നമ്പർ 11 മുതൽ 15 വരെയുള്ള സ്ഥാപനങ്ങളിലെ ഉടമകൾക്ക് തൊഴിൽ നികുതി ഒടുക്കുന്നതിന് നോട്ടീസ് നല്കിയിട്ടുണ്ടെന്നും മറുപടി നൽകി. പഞ്ചായത്തിലുള്ള റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും അറിയിച്ചു.
മേൽ സൂചിപ്പിച്ച എല്ലാ സ്ഥാപനങ്ങളിൽ നിന്നും റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1–16 ഫ്രണ്ട് ഓഫീസ് കൗണ്ടർ വഴിയുള്ള UPI പേയ്മെന്റുകൾ, Epos മെഷീൻ വഴി ലഭിക്കുന്ന തുകകൾ ക്രെഡിറ്റ് ആകുന്നതിൽ കാലതാമസം

A) പഞ്ചായത്തിൻറെ ഫ്രണ്ട് ഓഫീസ് കൗണ്ടറിലെ കാഷ് മുഖേനയല്ലാതെയുള്ള വരവുകൾ ബാങ്കിലേയ്ക്ക് അടവാക്കുമ്പോൾ തുക അന്നേ ദിവസത്തെ ഡേ ബുക്കിൽ കാണിക്കുന്നുണ്ടെങ്കിലും ബാങ്ക് സ്റ്റേറ്റ്മെന്റിൽ തുക പ്രതിഫലിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

തീയതി	ഡേ ബുക്കിലെ തുക	ബാങ്ക് സ്റ്റേറ്റ്മെന്റിലെ തുക
29.04.2025	340163	6666
02.05.2025	15373	10473
06.05.2025	64784	3700

25.06.2025	16345	5339
11.08.2025	10808	3308
21.08.2025	84500	Nil
22.08.2025	26250	Nil
23.08.2025	6670	170
25.08.2025	82026	43256
26.08.2025	84450	7000
27.08.2025	22950	15450
30.08.2025	27668	22350
02.09.2025	10750	Nil
03.09.2025	41235	33735
18.09.2025	6506	2071
22.09.2025	182450	7500
23.09.2025	35700	10
26.09.2025	5000	Nil
27.09.2025	7268	1250

06.10.2025	12015	765
07.10.2025	267007	10656
16.10.2025	5744	Nil
24.10.2025	28803	605
05.11.2025	35639	20430
31.12.2025	29011	2724
22.01.2026	21627	17156

B) E-Pos മെഷീനിലൂടെ ബാങ്കിലേക്ക് നേരിട്ട് അടവാക്കുന്ന തുക ബാങ്ക് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിക്കുന്നില്ല.

തീയതി	E-Pos മെഷീനിൽ Collect ചെയ്ത തുക ഡേ ബുക്കിൽ കാണിക്കുന്നത്
26.12.2025	37834
28.12.2025	51892
29.12.2025	72229
30.12.2025	37704
31.12.2025	16759
01.02.2026	16012
10.02.2026	16986
21.02.2026	22816
23.02.2026	10404
24.02.2026	23515
25.02.2026	26120
26.02.2026	16409
02.03.2026	30657
03.03.2026	54230
06.03.2026	35461
10.03.2026	10939
11.03.2026	17643
18.03.2026	20313
26.03.2026	28419
28.03.2026	32903

C)ഇ-പേയ്മെന്റ് മുഖേന ലഭിച്ച തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

ഫ്രണ്ട് ഓഫീസ് കൗണ്ടറിൽ നിന്നും ബാങ്കിലേയ്ക്ക് അടവാക്കുന്ന തുക, E-Pos മെഷീനിലൂടെ ബാങ്കിലേയ്ക്ക് നേരിട്ട് അടവാക്കുന്ന തുക,ഇ-പേയ്മെന്റ് മുഖേന അടവാക്കുന്ന തുക എന്നിവ ബാങ്കിൽ ക്രെഡിറ്റ് ആകുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/10.08.2026) UPI പേയ്മെന്റ് ആയി ലഭിക്കുന്ന തുകകൾ ബാങ്കിലെയും പേയ്മെന്റ് മോഡിലേയും സാങ്കേതിക വിഷയങ്ങൾ കാരണമാണ് താമസിക്കാറുള്ളതെന്നും 2025-26 സാമ്പത്തിക വർഷം UPI പേയ്മെന്റ് ആയി എടുത്ത തുകകൾ പൂർണമായും ലഭിച്ചിട്ടുണ്ടെന്നും ഓട്ടോ റീകൺസിലിയേഷൻ നടക്കുന്നതിനാൽ ആദ്യഘട്ടത്തിൽ റിക്കൺസിലിയേഷനിലൂടെ ഏതെല്ലാം തുകകൾ റിക്കൺസൈലായി എന്ന് മനസിലാക്കാൻ ബുദ്ധിമുട്ടാണെന്നും .ഓട്ടോ റീകൺസിലിയേഷൻ ആകാത്ത തുകകൾ പിന്നീട് മാന്വലായി ചെയുകയുമാണെന്ന മറുപടി നൽകി .Epos മെഷീൻ വഴി ലഭിക്കുന്ന തുക ഐകെഎം പേയ്മെന്റ് ഗേറ്റ് വേ വഴിയാണ് അക്കൗണ്ടിലേക്കു ക്രെഡിറ്റ് ആകുന്നതെന്നും ഫെഡറൽ ബാങ്കിന്റെ UPI അക്കൗണ്ടിലേക്കാണ് തുകകൾ ക്രെഡിറ്റ് ആകുന്നതെന്നും മറുപടി നൽകി.കെ സ്മാർട്ട് മുഖേനയുള്ള ട്രാൻസാക്ഷനുകൾക്ക് നിശ്ചിത തുക ഐ കെ എം ഈടാക്കിയതിനുശേഷമാണ് പഞ്ചായത്തിന്റെ അക്കൌണ്ടിലേക്ക് E-Payment പ്രകാരമുള്ള തുക ക്രെഡിറ്റ് ചെയ്യുന്നതെന്നും ആയതിനാൽ കാലതാമസം നേരിടുന്നുണ്ടെന്നും മറുപടി ലഭ്യമാക്കി.
ഫ്രണ്ട് ഓഫീസ് കൗണ്ടറിൽ ബാങ്കിലേയ്ക്ക് അടവാക്കുന്ന തുകകളുടെയും Epos മെഷീൻ വഴി ബാങ്കിലോട്ട് നേരിട്ട് അടവാക്കുന്ന തുകകളുടെയും കൃത്യത ഉറപ്പവരുത്തേണ്ടതാണ്. മേൽ സൂചിപ്പിച്ച തീയതികളിലെ തുകകൾ ബാങ്ക് അക്കൌണ്ടിൽ ക്രെഡിറ്റ് ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

1-17 സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നും കെസ്മാർട്ട് (K-SMART) സോഫ്റ്റ്വെയറിലേക്ക് ഡാറ്റ പോർട്ട് ചെയ്തപ്പോൾ ലഭിക്കാനുള്ള വസ്തുനികുതി കുടിശിക ഡിമാന്റ് തുകയിൽ കുറവ്

വസ്തു നികുതി കുടിശിക 2025-26ൽ അക്കൗണ്ട് ചെയ്തതിൽ ഡിമാന്റ് തുകയിൽ കുറവ് വന്നിട്ടുണ്ട്.

2024-25 ധനകാര്യപത്രിക പ്രകാരം വസ്തു നികുതി കുടിശിക താഴെപ്പറയും പ്രകാരമാണ്.

റെസിഡൻഷ്യൽ (തൻവർഷം) - ₹ 7,973/-, റെസിഡൻഷ്യൽ (മുൻവർഷം) - ₹ 40,380/-

നോൺ റെസിഡൻഷ്യൽ (തൻവർഷം) - ₹ 89,435/-, നോൺ റെസിഡൻഷ്യൽ (മുൻവർഷം) - ₹ 638,606/-

ഈ തുകയിൽ നിന്നും കുറവായ തുകയാണ് 2025-26 ൽ ഡിമാന്റായി വന്നിട്ടുള്ളത്.

Residential Buildings ൽ വസ്തു നികുതി ഇനത്തിൽ 19705/- രൂപയുടെ കുറവും, Non-Residential Buildings ൽ 382612/- രൂപയുടെ കുറവും വന്നിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നും കെസ്മാർട്ട് സോഫ്റ്റ്വെയറിലേക്ക് ഡാറ്റ പോർട്ട് ചെയ്തപ്പോൾ 2024-25 ൽ കെട്ടിടങ്ങൾക്ക് ലഭിക്കാനുള്ള തുകയിൽ നിന്നും കുറവായിട്ടാണ് കെസ്മാർട്ട് സോഫ്റ്റ്വെയറിൽ വന്നിട്ടുള്ളത് .

2025-26 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക പ്രകാരം വസ്തു നികുതി കുടിശിക ഇനത്തിൽ റെസിഡൻഷ്യൽ തൻവർഷം ₹7,973/-, മുൻവർഷം ₹40,380/- എന്നും, നോൺ-റെസിഡൻഷ്യൽ തൻവർഷം ₹89,435/-, മുൻവർഷം ₹638,606/- എന്നും കാണിച്ചിരുന്നു. സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നും കെസ്മാർട്ട് (K-SMART) സോഫ്റ്റ്വെയറിലേക്ക് ഡാറ്റ പോർട്ട് ചെയ്തപ്പോൾ ലഭിക്കാനുള്ള തുകയിൽ യഥാക്രമം ₹19,705/-, ₹3,82,612/- എന്നിങ്ങനെ കുറവുകൾ വന്നിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

സോഫ്റ്റ്വെയർ മാറ്റത്തിൽ വന്ന ഈ തുക വ്യത്യാസങ്ങൾ (Data Porting Discrepancies) അടിയന്തരമായി പരിഹരിച്ച് റെക്കോർഡുകൾ കൃത്യമാക്കേണ്ടതാണ്. തുക ക്രഡിറ്റ് ആകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സാങ്കേതിക ക്രമീകരണങ്ങൾ നടത്തുന്നതിനും കൃത്യമായ ഡിമാന്റിനനുസൃതമായി മാത്രം തുക ഈടാക്കുന്നതിനും ആയതിന്റെ കണക്കുകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കുന്നതിനും IKM മായി ബന്ധപ്പെട്ട പ്രായോഗിക തടസ്സങ്ങൾ തീർപ്പാക്കുന്നതിനുമുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.16 / 08.08.26

1-18 ഇ-പേയ്മെന്റ് അക്കൗണ്ടിലെ തുകകൾ ക്രഡിറ്റ് ആയിട്ടില്ല.

ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം SBI E-Payment അക്കൗണ്ടിൽ 31.03.2026 തീയതിയിൽ ₹1,96,988/- ബാങ്കിൽ ക്രെഡിറ്റ് ആകാതെ ബാക്കിനിൽക്കുന്നതായി കണ്ടു. SBI E-Payment ലെ തുകകൾ ഗഡുക്കളായാണ് ലഭിക്കുന്നത്. പൊരുത്തപ്പെടുത്തൽ പത്രിക പ്രകാരം 04/25 മുതലുള്ള തുകകളാണ് ക്രഡിറ്റാകാനുള്ളത്. ₹1,96,988/- ൽ ₹86,399/- നാളിതുവരെയും ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് അപാകത പരിഹരിക്കുന്നതിനായി ഐകെഎം ൽ പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

അപാകത പരിഹരിക്കാൻ IKM-ൽ സമർപ്പിച്ചിട്ടുള്ള പരാതിയിന്മേലുള്ള തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതും മുഴുവൻ തുകയും ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആയെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.16 / 08.08.26

1-19 വാർഷിക ധനകാര്യ പത്രിക പരിശോധന - വസ്തുനികുതി റൈറ്റ് ഓഫ് രേഖകൾ ലഭ്യമാക്കേണ്ടതാണ്

ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ 2703002 എന്ന ഹെഡിൽ 'പ്രോപ്പർട്ടി ടാക്സ് ജനറൽ റൈറ്റ് ഓഫ്' ആയി ₹9,71,684/- (ഒൻപത് ലക്ഷത്തി എഴുപത്തൊന്ന്

ആയിരത്തി അറുന്നൂറ്റി എൺപത്തിനാല് രൂപ) എഴുതിത്തള്ളിയതായി കാണിച്ചിരിക്കുന്നു. എന്നാൽ, ഇതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള അടിസ്ഥാന രേഖകളും ബന്ധപ്പെട്ട ഫയലുകളും ഓഡിറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

കെട്ടിട നമ്പർ, ഉടമസ്ഥന്റെ പേര്, നികുതി കുടിശികയായ വർഷം, റിക്കവറിക്കായി സ്വീകരിച്ച നടപടികൾ, കുടിശികയുടെ പ്രൊവിഷൻ തുക, നിരക്ക്, നിയമപരമായി കുടിശ്ശിക ഈടാക്കാൻ സാധിച്ചിട്ടില്ല എന്നത് സംബന്ധിച്ച സാക്ഷ്യപത്രം, സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും റൈറ്റ് ഓഫ് അംഗീകാരം സംബന്ധിച്ച രേഖകൾ എന്നിവ ഹാജരാക്കേണ്ടതായിരുന്നു.

ഓഡിറ്റ് എൻകയറി നമ്പർ 22-ന് മറുപടിയായി സെക്രട്ടറി സമർപ്പിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു. I & E പത്രികയിലെ 2703002 ഹെഡിൽ റൈറ്റ് ഓഫ് ആയി കാണിച്ചിട്ടുള്ള ₹9,71,684/- രൂപയുടെ വിശദാംശങ്ങൾ താഴെ പറയുന്ന വിഭാഗങ്ങളിലായാണ് നൽകിയിട്ടുള്ളത്:

ക്രമ നമ്പർ	വിശദാംശം	തുക (₹)
1	Demolished Arrear (Residential)	156
2	Demolished Arrear (Non Residential)	2,514
3	Vacancy Remission	1,54,456
4	Exemption (Residential)	7,03,151
5	Exemption (Non Residential)	16,373
6	Demolished Current (Residential)	6,321
7	Demolished Current (Non Residential)	88,713
	ആകെ (TOTAL)	**9,71,684**

മറുപടിയിൽ റൈറ്റ് ഓഫ് ചെയ്ത ₹9,71,684/- രൂപയുടെ തരംതിരിച്ചുള്ള കണക്കുകൾ നൽകിയിട്ടുണ്ടെങ്കിലും, ഇവ സാധൂകരിക്കുന്നതിനുള്ള ഭരണസമിതി തീരുമാനങ്ങൾ, പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾ സംബന്ധിച്ച ഫീൽഡ് ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ, വേക്കൻസി റെമിഷൻ അനുവദിച്ചതുമായി ബന്ധപ്പെട്ട അപേക്ഷകളും അന്വേഷണ റിപ്പോർട്ടുകളും, നികുതി ഇളവ് (Exemption) ലഭിച്ചവയുടെ നിയമപരമായ രേഖകൾ എന്നിവ അടങ്ങിയ ഫയലുകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ: No. 22 (തീയതി: 10.08.2026)

1-20 സി എഫ് സി ഫണ്ടിനായുള്ള ഇ-ഗ്രാം സ്വരാജ് പോർട്ടലിലെ ക്യാഷ്ബുക്ക് ബാലൻസും കെ-സ്മാർട്ടിലെ ബന്ധപ്പെട്ട അക്കൗണ്ടിന്റെ ക്യാഷ് ബുക്ക് ബാലൻസും പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യപത്രിക പരിശോധനയിൽ, CFC (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്) ഫണ്ട് അക്കൗണ്ടിന്റെ ഇ-ഗ്രാം സ്വരാജ് പോർട്ടലിലെ 31.03.2026 ലെ ക്യാഷ് ബുക്ക് ബാലൻസും (₹75,64,683/-) വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ബാങ്ക് ബാലൻസും (₹58,01,668/-) തമ്മിൽ ₹17,63,015/- രൂപയുടെ വൈരുധ്യം കണ്ടെത്തി. 2021-22 സാമ്പത്തിക വർഷത്തിൽ ബേസിക് ഗ്രാൻഡ് ഇനത്തിൽ അനുവദിച്ച ₹15,74,000/- ഡയറക്ട് രസീത് ചെയ്തത് ക്യാൻസൽ ചെയ്യാൻ അപേക്ഷ നൽകിയിട്ടും ഇ-ഗ്രാം സ്വരാജ് പോർട്ടലിൽ നിന്നും ക്യാൻസലേഷൻ ലഭ്യമാകാത്തതാണ് വ്യത്യാസത്തിന് പ്രധാന കാരണമെന്നാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചത്. കൂടാതെ ILGMS/കെ-സ്മാർട്ട് റിക്കവറി ഇനകളിൽ ₹1,89,015/- പേയ്മെന്റ് വൗച്ചർ ഇഫക്ട് ആകാത്തതും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സെക്രട്ടറി ലഭ്യമാക്കിയ മറുപടി താഴെ ചേർക്കും പ്രകാരമാണ്.

പഞ്ചായത്തിന് അനുവദിയ്ക്കുന്ന തുക ഇ-ഗ്രാം സ്വരാജ് പോർട്ടലിൽ ആഡ് ചെയ്യപ്പെടുന്നത് റിവേഴ്സ് രസീത് ജനറേറ്റ് ചെയ്യുക വഴിയാണ്. റിവേഴ്സ് രസീത് എന്ന രീതിയിൽ പോർട്ടലിൽ ഓപ്ഷൻ ലഭിയ്ക്കുമ്പോഴാണ് ആയത് ചെയ്യാൻ കഴിയുക. ബാങ്കിൽ തുക ലഭിച്ച് കഴിഞ്ഞാലും പോർട്ടലിൽ രസീത് ചെയ്താൽ മാത്രമേ പേയ്മെന്റ് ചെയ്യാൻ കഴിയുകയുള്ളൂ. ചില സന്ദർഭങ്ങളിൽ റിവേഴ്സ് രസീത് ലഭിയ്ക്കാൻ കാലതാമസം നേരിടുമ്പോൾ മാനുവൽ രസീതിന് റിക്വസ്റ്റ് നൽകി അത്തരത്തിൽ രസീത് ജനറേറ്റ് ചെയ്ത് പേയ്മെന്റ് നൽകുകയാണ് ചെയ്ത് വരുന്നത്. റിവേഴ്സ് രസീത് ജനറേറ്റ് ചെയ്യുമ്പോൾ റിക്വസ്റ്റ് നൽകി ഡയറക്ട് രസീത് ക്യാൻസൽ ചെയ്യുകയുമാണ് ചെയ്യുന്നത്. 2021-22 സാമ്പത്തിക വർഷം ബേസിക്ക് ഗ്രാന്റ് ഇനത്തിൽ രണ്ടാം ഗഡുവായി അനുവദിച്ച തുകയായ 1574000/- രൂപ 25.02.2022 തീയതി ഡയറക്ട് രസീത് ചെയ്യുകയും 26.03.2022 തീയതി ഈ തുകയ്ക്ക് റിവേഴ്സ് രസീത് ജനറേറ്റ് ചെയ്ത് വരുകയുമുണ്ടായി. ഡയറക്ട് രസീത് ക്യാൻസൽ ചെയ്യാൻ റിക്വസ്റ്റ് നൽകിയിരുന്നെങ്കിലും നാളിതുവരെയും രസീത് ക്യാൻസൽ ചെയ്ത് ലഭ്യമായിട്ടില്ല.

"പ്രവൃത്തികളുടെ റിക്കവറി ഇനത്തിൽ കുറവ് ചെയ്യുന്ന തുക, ILGMS/KSMART പ്രകാരം റിക്കവറി പേയ്മെന്റ് ആയിട്ട് ചെക്ക് എഴുതി ഫണ്ട് ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്യുന്നത്. കരാറുകാരനുള്ള തുക ഇ-ഗ്രാം പോർട്ടൽ വഴി പിഎഫ്എംഎസ് ആയും റിക്കവറി തുക സസ്പെൻസ് അക്കൗണ്ടിലേക്കുമാണ് മാറ്റുന്നത്. ചെക്ക് എഴുതി തുക ട്രാൻസ്ഫർ ചെയ്ത ശേഷം ആ തുകയ്ക്ക് സസ്പെൻസ് അക്കൗണ്ടിൽ നിന്നും പേയ്മെന്റ് വൗച്ചർ ജനറേറ്റ് ചെയ്യുകയും ചെയ്യുന്നു. മുൻകാലങ്ങളിൽ ചില റിക്കവറി പേയ്മെന്റുകൾക്ക് ഇ-ഗ്രാം പോർട്ടലിൽ പേയ്മെന്റ് വൗച്ചർ ജനറേറ്റ്

ചെയ്തിരുന്നില്ല. 2025-26 ൽ ഇത്തരത്തിൽ പെന്റിങ് ആയിരുന്ന മുഴുവൻ തുകയ്ക്കും പേയ്മെന്റ് വൗച്ചർ ജനറേറ്റ് ചെയ്തെങ്കിലും 189015/- രൂപയുടെ പേയ്മെന്റ് പേയ്മെന്റ് ഭാഗത്ത് എഫക്ട് ചെയ്ത് വന്നിട്ടില്ലാത്തതാണ് ".

കണക്കുകളിലെ ഈ തുക വൈരുധ്യം അക്കൗണ്ടിംഗ് കൃത്യതയെ ബാധിക്കുന്നതിനാൽ, ഇ-ഗ്രാം സ്വരാജ് പോർട്ടൽ അധികാരികളുമായി ഔദ്യോഗികമായി ബന്ധപ്പെട്ട് ഡയറക്ട് രസീത് റദ്ദാക്കൽ പ്രക്രിയ പൂർത്തിയാക്കാനും, പോർട്ടലിലെ വൗച്ചർ ഇഫക്ട് തടസ്സങ്ങൾ പരിഹരിച്ച് ക്യാഷ് ബുക്ക് ബാലൻസും ബാങ്ക് ബാലൻസും തമ്മിലുള്ള വ്യത്യാസം പൂർണ്ണമായും ക്രമീകരിക്കാനും നിർദ്ദേശിക്കുന്നു.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.16 / 08.08.26

1-21 സി.സി.റ്റി.വി ക്യാമറ സ്ഥാപിയ്ക്കൽ കരാറുകാരന് 5980/-രൂപ അധികം നൽകി

പ്രോജക്ട്	160/26,എം.സി.എഫ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ
അടങ്കൽ തുക	394600/-(കേന്ദ്രാവിഷ്കൃത ഫണ്ട്-70000,തനത് ഫണ്ട്- 23800,നഗരസഞ്ചയ ഫണ്ട്-3,00,800)
ചെലവ് തുക	17420/- (തനത് ഫണ്ട്) 9940-ചെക്ക് നമ്പർ-104262/31-01-2026, 7480-ചെക്ക് നമ്പർ-104277/5-03-2026 300800 (നഗരസഞ്ചയ ഫണ്ട്) 113830-FNCR-00332688-2025,8-08-25, 186970-FNCR-00666514-2025,4-11-25)

എം.സി.എഫ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി എം.സി.എഫിൽ ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനർ ആയിട്ടുള്ള ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുള്ളതിനാലും ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നത് ടെക്നിക്കൽ കമ്മിറ്റിക്ക് അപേക്ഷ നൽകുകയും ചെയ്തിരുന്നു.ആയത് പ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ സാങ്കേതിക അനുമതി നൽകിയ പ്രവൃത്തിക്ക് ടെൻഡർ ചെയ്യുകയും ഇ-ടെണ്ടർ ക്ഷണിച്ചത് പ്രകാരം കുറഞ്ഞ തുക കോട്ട് ചെയ്ത ഇ.വി.കെ.അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി നടപ്പിലാക്കി.

കരാറുകാരൻ കോട്ട് ചെയ്ത തുക അല്ല ഇനങ്ങൾക്ക് നൽകിയിരിക്കുന്നത്.എസ്റ്റിമേറ്റിൽ Supply And Installation Of Surveillance 6 TB Hard Disc ആണ് ഉൾപ്പെടുത്തിയിരുന്നത് .എന്നാൽ സ്ഥാപിച്ചത് 4TB Hard Disc ആണ് .

വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഇനം	എണ്ണം	കോട്ട് ചെയ്ത തുക(രൂപ)	നൽകിയ നിരക്ക് (രൂപ)	നൽകേണ്ടിയിരുന്ന തുക (രൂപ)	നൽകിയ തുക (രൂപ)
1	Supply And Installation Of 4 MP Bullet Camera	7	2800	3200	19600	22400
2	Supply And Installation Of Turbo HD 8 Channel Metal DVR 5MP Support 6TB HDD Supporting	1	12500	9000	12500	9000
3	Supply And Drawing 3 +1CCTV Cable	300m	50	56	15000	16800
4	Supply And Fixing Of Size Of Medium Class PVC Conduit Along With Accessories In Surface As Required 20mm	200mtr	60	82	12000	16400
5	Supply And Fixing 19 Inch 6U Wall Mount Rack Having Water Having 600 Mm Depth	1	6000	5800	6000	5800
6	Supply And Installation Of 12 Volt DC 20 Amp Power Adapter	1	3500	1835	3500	1835
7	Supply Installation Testing And Commissioning Of 22 Inches LED Display Monitor	1	7000	7365	7000	7365
8	Supply And Providing 8 MB Passing Video Push Terminal CCTV Accessories	7 Pair	60	200	420	1400

9	Supply And Installation 1 KVA UPS	1	5500	6500	5500	6500
				ആകെ	81520	87500

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ വാല്വേഷൻ പ്രകാരമുള്ള തുകയാണ് കരാറുകാരന് നൽകിയിരിക്കുന്നത് എന്ന് മറുപടി ലഭ്യമാക്കി .ആയത് അംഗീകരിക്കാൻ കഴിയില്ല . എസ്റ്റിമേറ്റിൽ ഉൾപ്പെട്ട 6 TB Hard Disc ന് പകരം 4 TB Hard Disc സ്ഥാപിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും കരാറുകാരൻ കോട്ട് ചെയ്ത തുകയിൽ കൂടുതൽ ഇനങ്ങൾക്ക് നൽകിയത് വഴി അധികം നൽകിയ 5980/- രൂപ തിരികെ ഈടാക്കേണ്ടതുമാണ്.അല്ലാത്ത പക്ഷം ടി തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി തുടർ നടപടി സ്വീകരിക്കുന്നതാണ്.
നിരാകരിക്കുന്ന തുക-5980/- രൂപ
ഓഡിറ്റ് എൻക്വയറി നമ്പർ-8/05-08-26

1-22 ഗുണഭോക്തൃവിഹിതം ഇനത്തിലെ തുക ചെലവഴിച്ചിട്ടില്ല

ബാലൻസ് ഷീറ്റിലെ 3208010 Beneficiary Contribution എന്ന അക്കൗണ്ട് ഹെഡിൽ വി.ഇ.ഒ (VEO), വെറ്ററിനറി സർജൻ, കൃഷി ഓഫീസർ എന്നിവർ വഴി ഒടുക്ക് വരുത്തിയതും ചെലവഴിച്ചതുമായ തുകയിൽ ഗുണഭോക്തൃ വിഹിതം ഇനത്തിലെ തുക ചെലവഴിക്കാതെ സൂക്ഷിട്ടുള്ളതായി കാണുന്നു. സെക്രട്ടറി ലഭ്യമാക്കിയ കണക്കുകൾ പ്രകാരം തുകകളുടെ സാമ്പത്തിക വർഷം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ വിവരിക്കുന്നു:

(എ) 2023-24 സാമ്പത്തിക വർഷം:
• പ്രാരംഭ ബാക്കി (Opening Balance): ₹10,70,826/- (വി.ഇ.ഒ: ₹33,060/-, വെറ്ററിനറി സർജൻ: ₹10,37,766/-)
• സാമ്പത്തിക വർഷത്തിൽ ലഭിച്ച തുക: ₹8,31,323/- (വി.ഇ.ഒ: ₹66,795/-, വെറ്ററിനറി സർജൻ: ₹3,59,144/-, കൃഷി ഓഫീസർ: ₹4,05,384/-)
• ആകെ ലഭ്യമായ തുക: ₹19,02,149/-
• ചെലവഴിച്ച തുക: ₹13,26,056/- (വി.ഇ.ഒ: ₹86,548/-, വെറ്ററിനറി സർജൻ: ₹8,34,410/-, കൃഷി ഓഫീസർ: ₹4,05,098/-)
• വർഷാവസാന ബാക്കി (Closing Balance): ₹5,76,093/-
(ബി) 2024-25 സാമ്പത്തിക വർഷം:
• പ്രാരംഭ ബാക്കി (Opening Balance): ₹5,76,093/-
• സാമ്പത്തിക വർഷത്തിൽ ലഭിച്ച തുക: ₹5,62,492/- (വി.ഇ.ഒ ഒടുക്കിയത്: ₹55,552/-, മറ്റ് ഉദ്യോഗസ്ഥർ ഒടുക്കിയത്: ₹5,06,940/-)

• ആകെ ലഭ്യമായ തുക: ₹11,38,585/-
• ചെലവഴിച്ച തുക: ₹2,66,082/- (വി.ഇ.ഒ: ₹10,482/-, കൃഷി ഓഫീസർ: ₹2,55,600/-)
• വർഷാവസാന ബാക്കി (Closing Balance): ₹8,72,503/-

(സി) 2025-26 സാമ്പത്തിക വർഷം:
• പ്രാരംഭ ബാക്കി (Opening Balance): ₹8,72,503/-
• ചെലവഴിച്ച തുക: ₹94,105/- (വി.ഇ.ഒ: ₹55,552/-, കൃഷി ഓഫീസർ: ₹38,553/-)
• അവശേഷിക്കുന്ന ബാക്കി തുക (Closing Balance): ₹7,78,398/- (ഈ തുക തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു).

സാമ്പത്തിക വർഷം	ഓപ്പണിങ് ബാലൻസ് (₹)	ലഭിച്ച തുക (₹)	ആകെ തുക (₹)	ചെലവഴിച്ച തുക (₹)	ബാക്കി തുക (₹)
2023-24	10,70,826	8,31,323	19,02,149	13,26,056	5,76,093
2024-25	5,76,093	5,62,492	11,38,585	2,66,082	8,72,503
2025-26	8,72,503	-	8,72,503	94,105	7,78,398

ഗുണഭോക്തൃ വിഹിതമായി ബാക്കിയുള്ള ₹7,78,398/- രൂപ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. ഗുണഭോക്താക്കളിൽ നിന്നും ശേഖരിക്കുന്ന വിഹിതം ഉദ്ദേശിച്ച പദ്ധതികളുടെ പൂർത്തീകരണത്തിനായി കൃത്യസമയത്ത് വിനിയോഗിക്കുന്നു എന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

2022-23 മുതൽ ഈ ഇനത്തിലെ തുക വിനിയോഗിക്കാതെയിരുന്ന സാഹചര്യം വിശദീകരിക്കേണ്ടതും അർഹരായ ഗുണഭോക്താക്കൾക്ക് സേവനം ലഭ്യമാകാതിരുന്നിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കേണ്ടതുമാണ്. വിവിധ പ്രോജക്ടുകൾ പ്രകാരം ഗുണഭോക്തൃവിഹിതം ഒടുക്കിയിട്ടുള്ളവർക്ക് സേവനം ലഭ്യമായിട്ടില്ലായെങ്കിൽ പിരിച്ചെടുത്ത തുക തിരികെ നല്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.16 / 08.08.26

1-23 എം.സി.എഫ്.നായി വാങ്ങിയ ഷ്രെഡിംഗ് മെഷീൻ നാളിതുവരെയും സ്ഥാപിച്ചിട്ടില്ല.

എം.സി.എഫ്.ൽ ഷ്രെഡിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കുന്നതിനായി പ്രോജക്ട് നം. 148/26 പ്രകാരം ₹7,50,000/- അനുവദിക്കുകയുണ്ടായി (സ്വച്ഛ് ഭാരത് മിഷൻ ഫണ്ട്: ₹5,25,000/- [TRN 25033/17627 തീയതി: 26.11.2025], തനത് ഫണ്ട്: ₹2,25,000/- [ചെക്ക് നം. 101849 തീയതി: 19.06.2025]). ഹാപ്പി ഹാന്റ്സ് ഗ്ലോബൽ, ആലപ്പുഴ എന്ന

സ്ഥാപനത്തിൽ നിന്നാണ് മെഷീൻ വാങ്ങിയിട്ടുള്ളത്. എന്നാൽ വാങ്ങിയ മെഷീൻ നാളിതുവരെയും ഇൻസ്റ്റലേഷൻ നടത്തി പ്രവർത്തനം ആരംഭിച്ചിട്ടില്ല.

ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ:
1. കെട്ടിടത്തിന്റെ ബലക്ഷയം കാരണം വാങ്ങി നൽകിയ മെഷീനുകൾ നിലവിലെ എം.സി.എഫ് കെട്ടിടത്തിൽ സ്ഥാപിക്കാൻ സാധിച്ചിട്ടില്ല. അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയും കെട്ടിടത്തിന്റെ ശേഷിയും മുൻകൂട്ടി വിലയിരുത്താതെ ലക്ഷക്കണക്കിന് രൂപയുടെ യന്ത്ര സാമഗ്രികൾ വാങ്ങിയത് പദ്ധതി ആസൂത്രണത്തിലെ ഗുരുതരമായ വീഴ്ചയാണ്.
2. മെഷീൻ സ്ഥാപിക്കാനായി പ്രത്യേക സ്റ്റാന്റ് നിർമ്മിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ പ്രോജക്ട് തയ്യാറാക്കി ടെൻഡർ നൽകിയെങ്കിലും കെട്ടിടത്തിന്റെ ബലക്ഷയം കാരണം ആ പദ്ധതി ഉപേക്ഷിക്കേണ്ടി വന്നു.
3. 2026-27 വർഷത്തിൽ പുതിയ വാടക കെട്ടിടത്തിലേക്ക് എം.സി.എഫ് മാറ്റുമെന്നും അപ്പോൾ മെഷീൻ പ്രവർത്തിപ്പിക്കുമെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ടെങ്കിലും യന്ത്രങ്ങൾ പ്രവർത്തിക്കാതെ കിടക്കുന്നത് കാരണം വാറണ്ടി കാലയളവ് നഷ്ടപ്പെടാനും യന്ത്രങ്ങൾ കേടുപാടുകൾ സംഭവിക്കാനും ഇടയാക്കുന്നു.

അടിസ്ഥാന സൗകര്യം ഉറപ്പാക്കാതെ ലക്ഷങ്ങൾ ചിലവഴിച്ച് വാങ്ങിയ യന്ത്രങ്ങൾ നിഷ്ക്രിയ ആസ്തിയായി മാറിയത് അനഭിലഷണീയമാണ്. യന്ത്രങ്ങൾ പൂർണ്ണ സജ്ജമാക്കി പ്രവർത്തിപ്പിച്ച് പ്രവർത്തനക്ഷമത ഉറപ്പാക്കുന്നതുവരെ 7,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 9 / 06.08.26

1-24 ജീവനം പദ്ധതി - കൊല്ലം ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറിയത് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 'ജീവനം - ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ' (നം. 03/26) എന്ന പ്രോജക്ടിനായി വികസന ഫണ്ട് - പൊതു (സാധാരണ) വിഹിതത്തിൽ നിന്നും ₹2,00,000/- (രണ്ട് ലക്ഷം രൂപ) കൊല്ലം ജില്ലാ പഞ്ചായത്തിന് കൈമാറുകയുണ്ടായി (TRN No. 250303/5458, തീയതി: 27.06.2025, Dev Gl). എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രമോ (Utilisation Certificate) പ്രോജക്ട് പൂർത്തീകരണ വിവരങ്ങളോ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല.
ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്, ജില്ലാ പഞ്ചായത്തിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ആവശ്യപ്പെട്ടിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കാമെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

അതിനാൽ കൊല്ലം ജില്ലാ പഞ്ചായത്തിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 200,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.09 / 06.08.26

1-25 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല- 284782/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ	25/ 2025
പ്രോജക്ടിന്റെ പേര്	ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	500000(റോഡിതരം)
ചെലവ്	500000(റോഡിതരം)
ബിൽ നമ്പർ	TRN 250303000000021046/19.01.2026
നിർവഹണം	മെഡിക്കൽ ഓഫിസർ - ഹോമിയോ

ഓച്ചിറ ഗവ ഹോമിയോ ഡിസ്പെൻസിറിയിലേക്കു ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ടി 500000/- രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട് . ഇൻവോയ്സ് നമ്പർ LF -3907 / 17-02-2026 പ്രകാരം 215218/- രൂപയുടെ മരുന്ന് ഹോംകോയിൽ നിന്നും ലഭിച്ചിട്ടുണ്ട്. 284782/-രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്.
മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/06.08.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.
അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെ വിവരം അറിയിക്കുന്നതുവരെ 284782/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആയത് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-26 ലൈഫ് ഭവന പദ്ധതി- വീട് നിർമ്മാണം ആരംഭിച്ചില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള ലൈഫ് ഭവന നിർമ്മാണ പ്രോജക്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള താഴെകൊടുത്തിട്ടുള്ള ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിലും നിർമ്മാണം ആരംഭിച്ചിട്ടില്ല.

പ്രോജക്ട്നമ്പർ	ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ തുക രൂപ	നൽകിയ തീയതി
63/2026, ലൈഫ് ഭവനനിർമ്മാണ പദ്ധതി(ജനറൽ) ആകെ അടങ്കൽ-40211919/-രൂപ ആകെ ചെലവ്-11180000/-രൂപ	രമണി ജെ, പുന്തല വടക്കതിൽ,	40,000/- (വികസന ഫണ്ട് ജനറൽ)	14-11-25
62/2026, ലൈഫ് ഭവനനിർമ്മാണം(എസ്.സി.പി) ആകെഅടങ്കൽ-3913600/- ആകെ ചെലവ്-2443000/- (എസ്.സി.പി)	ചിന്നു എ, വലിയതറയിൽ,വലിയകുളങ്ങര	40,000/- (സംസ്ഥാനാവിഷ്കൃതം)	27-03-26

ഭവന നിർമ്മാണ വിവരങ്ങൾ അറിയുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, കെട്ടിട നിർമ്മാണം ആരംഭിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ടി ഗുണഭോക്താക്കളെക്കൊണ്ട് നിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഗുണഭോക്താക്കളെക്കൊണ്ട് നിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം അവർക്ക് നൽകിയിട്ടുള്ള തുക നിയമാനുസൃതം തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 1/30-07-2026

ഓഡിറ്റ് എൻക്വയറി 4/01-08-2026

1-27 ലൈഫ് ഭവന നിർമ്മാണം – ഗുണഭോക്താക്കൾ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള ലൈഫ് ഭവന നിർമ്മാണ പ്രോജക്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള താഴെകൊടുത്തിട്ടുള്ള ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.
എസ്.സി

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ തുക (₹)	തീയതി

1	ലേഖ, വാളാംകോട്ട് കിഴക്കതിൽ, ചങ്ങൻകുളങ്ങര	40,000/-	24-05-23
		1,60,000/-	24-06-25
2	അജിത, വാളാംകോട്ട് , ചങ്ങൻകുളങ്ങര	40,000/-	18-03-23
		1,60,000/-	14-07-23
		1,00,000/-	16-03-24
3	ഇന്ദിര, മലമേൽക്കുറ്റിയിൽ,വയനകം	40,000/-	10-11-23
		1,60,000/-	16-02-24
		50,000/-	24-03-24
		50,000/-	05-07-24

ജനറൽ

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ തുക (₹)	തീയതി
1	വത്സല കുമാരി, ഞാറക്കാട്ട് കിഴക്കതിൽ, പായിക്കുഴി	40,000/-	27-03-25
		1,60,000/-	04-10-25
2	പ്രസന്ന കുമാരി, പള്ളത്തേരിൽ ,മേമന തെക്ക്	40,000/-	26-03-24
		1,60,000/-	9-12-24
		1,00,000/-	07-03-25
3	രാധ ,തയ്യിൽ വീട്,പായിക്കുഴി	40,000/-	27-03-23

		1,60,000/-	27-07-23
		1,00,000/-	21-10-23
4	ലൈലാബീവി,റെജില മൻസിൽ,മേമന	40,000/-	05-08-23
		1,60,000/-	03-01-24
5	ബൾക്കീസ് ബീവി, സക്കീർ മൻസിൽ, ചങ്ങൻകുളങ്ങര	40,000/-	27-02-23
		1,60,000/-	03-01-24

ഭവന നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി ഗുണഭോക്താക്കളെക്കൊണ്ട് നിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ഗുണഭോക്താക്കളെക്കൊണ്ട് നിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം അവർക്ക് നൽകിയിട്ടുള്ള തുക നിയമാനുസൃതം തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 1/30-07-2026

ഓഡിറ്റ് എൻക്വയറി 5/01-08-2026

1-28 ഓച്ചിറ ടൗണിൽ എൽ.ഇ.ഡി തെരുവ് വിളക്കുകൾ സ്ഥാപിക്കൽ- പ്രവൃത്തി നടത്തിപ്പിൽ അപാകതകൾ

ഓച്ചിറ ടൗണിൽ എൽ.ഇ.ഡി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി പ്രോജക്ട് നം. 145/26 പ്രകാരം തനത് ഫണ്ടിൽ നിന്നും ₹3,99,999/- ചെലവഴിച്ചിട്ടുണ്ട് (ചെക്ക് നം. 214320, തീയതി: 25.06.2025). പ്രസ്തുത പ്രവൃത്തിയുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി:

1. ടെൻഡർ വ്യവസ്ഥകളുടെ ലംഘനം: 60 Watt-ന്റെ രണ്ട് ലൈറ്റുകൾ വീതം ഒരു പോസ്റ്റിൽ സ്ഥാപിക്കാനാണ് ടെൻഡർ ക്ഷണിച്ചിരുന്നത്. എന്നാൽ ടെൻഡറിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ എസ് എം ഇലക്ട്രിക്കൽസിന് 60 Watt ലൈറ്റുകൾ ലഭ്യമല്ലാത്തതിനാൽ പകരം അതേ തുകയ്ക്ക് 100 Watt ലൈറ്റുകൾ നൽകാമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അവ വാങ്ങി സ്ഥാപിക്കുകയാണുണ്ടായത്. നിയമാനുസൃതമായ റീ-ടെൻഡറിംഗ് നടപടികൾ സ്വീകരിയ്ക്കാതെ ടെൻഡർ വ്യവസ്ഥകളിൽ മാറ്റം വരുത്തിയത് ചട്ടവിരുദ്ധമാണ്.

2. അളവുരേഖകളുടെ അഭാവം: കരാറുകാരൻ, എക്സ്കിക്യൂട്ടിംഗ് ഏജൻസി സമർപ്പിച്ച ബില്ലുകൾക്ക് ആധാരമായ ഉപകരണങ്ങളാണോ വന്നിട്ടുള്ളതെന്ന് പരിശോധിച്ചുറപ്പാക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ഓരോ പോസ്റ്റിലും കൃത്യമായ സ്പെസിഫിക്കേഷനോട് കൂടിയ വിളക്കുകളോണോ സ്ഥാപിച്ചിട്ടുള്ളതെന്ന് ഉറപ്പുവരുത്താൻ പ്രവൃത്തിയുടെ സൂപ്പർവിഷൻ നടത്തിയ ഒരു ഇല്ക്ട്രിക്കൽ എഞ്ചിനീയറുടെ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.
3. സ്റ്റോക്ക് രജിസ്റ്ററും പഴയ ബൾബുകളും: നീക്കം ചെയ്ത 15 Watt തെരുവ് വിളക്കുകൾ സ്റ്റോക്കിൽ എടുത്തതായി വ്യക്തമാക്കുന്ന രേഖകളോ രജിസ്റ്ററോ ഓഡിറ്റിന് ഹാജരാക്കിയില്ല.പഴയ വിളക്കുകൾക്കനുസൃതമായ കറന്റ്ചാർജ്ജ് ഡിമാന്റിൽ നിന്നും കുറവ് ചെയ്തതിന്റെ രേഖകളും ലഭ്യമല്ല.
പ്രോജക്ട് നിർവ്വഹണത്തിൽ മതിയായ ജാഗ്രത പുലർത്തേണ്ടതും പൊതുപണത്തിന്റെ പാഴ്ച്ചെലവ് ഉണ്ടാകുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 9 / 06.08.26

1-29 തെരുവ് വിളക്കുകളുടെ പരിപാലനം- അപാകതകൾ

ഓച്ചിറ ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിലെ തെരുവ് വിളക്കുകളുടെ പരിപാലനവും വൈദ്യുതി ചാർജ്ജ് അടവും സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു:
1. തെരുവ് വിളക്ക് രജിസ്റ്റർ: പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ കൃത്യമായി കാലികമാക്കിയിട്ടില്ല (Register Not Updated). കഴിഞ്ഞ 5 വർഷത്തിനിടയിൽ പുതിയ പോസ്റ്റുകൾ സ്ഥാപിച്ചിട്ടില്ലെന്ന് സെക്രട്ടറി വ്യക്തമാക്കുന്നുണ്ടെങ്കിലും നിലവിലുള്ള വിളക്കുകളുടെ വിവരങ്ങളും വാട്ടേജ് (വൈദ്യുതിശേഷി) മാറ്റങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിലെ തെരുവ് വിളക്ക് മെയിന്റനൻസ് രേഖകൾ പൂർണ്ണമായും രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.
2. കെ.എസ്.ഇ.ബി ജോയിന്റ് ഇൻസ്പെക്ഷൻ: തെരുവ് വിളക്കുകളുടെ എണ്ണവും പ്രവർത്തനക്ഷമതയും തിട്ടപ്പെടുത്തുന്നതിനായി KSEB അധികൃതരുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. നിലവിൽ ഒറ്റബില്ലായാണ് KSEB തുക ഈടാക്കുന്നത്.
3. റീപ്ലേസ്മെന്റ് / അൺസെർവീസബിൾ രജിസ്റ്റർ: വാറണ്ടി കാലയളവിലുള്ളതും കേടായതുമായ ബൾബുകൾ മാറ്റി വാങ്ങിയതിന്റെ വിവരങ്ങൾ വ്യക്തമാക്കുന്ന 'Unserviceable Register' അല്ലെങ്കിൽ 'Replacement Register' പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.
ആയതിനാൽ അടിയന്തരമായി KSEB യുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്താനും, തെരുവ് വിളക്ക് രജിസ്റ്ററും അൺസെർവീസബിൾ രജിസ്റ്ററും കാലികമാക്കി സൂക്ഷിക്കാനും നിർദ്ദേശിക്കുന്നു.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 9 / 06.08.26

1–30 മെൻസ്ട്രൽ കപ്പ് വിതരണം ചെയ്തില്ല.1,72,307/– രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് –50/26,മെൻസ്ട്രൽ കപ്പ് വിതരണം

അടങ്കൽ–200000/–(വികസന ഫണ്ട് ജനറൽ)

ചെലവ്–172307/–(146996–0352398–2025/11–08–25,25311–01117102–2025/27–02–26)

മെഡിക്കൽ ഓഫീസർ സി.എച്ച്.സി നിർവ്വഹണം നടത്തിയ പ്രോജക്ടിൽ പെർഫോമ ഇൻവോയ്സ് നമ്പർ 15/7–8–25 പ്രകാരം HLLLifecare Limited ൽ നിന്ന് മെൻസ്ട്രൽ കപ്പ് വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്.ഇൻവോയ്സ് നമ്പർ 9423059670/7–8–25 പ്രകാരം 490, ഇൻവോയ്സ് നമ്പർ 9423059670/7–8–25 പ്രകാരം 90 ആകെ 580 മെൻസ്ട്രൽ കപ്പ് ലഭ്യമായിട്ടുണ്ട്. ആയത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. വിതരണ വിവരം അറിയുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണ വിവരം ഹാജരാക്കാത്തതിനാൽ മെൻസ്ട്രൽ കപ്പ് വാങ്ങുന്നതിനായി ചെലവഴിച്ച 1,72,307/– രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മെൻസ്ട്രൽ കപ്പുകൾ വിതരണം ചെയ്ത് രേഖകൾ ഹാജരാക്കേണ്ടതും ചെലവ് തടസ്സം ഒഴിവാക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി–23/11–8–26
തടസ്സപ്പെടുത്തിയ തുക – 1,72,307/– രൂപ.

1–31 ഓച്ചിറ ഉദ്യാനനഗരം രണ്ടാംഘട്ടം – ജൈവമാലിന്യ നീക്കത്തിൽ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

'ഓച്ചിറ ഉദ്യാനനഗരം – രണ്ടാംഘട്ടം' (നം. 53/26) പ്രോജക്ട് പ്രകാരം ഓച്ചിറ ടൗണിലെ പ്രധാന പാതയോരങ്ങളിലും മാർക്കറ്റുകളിലും അടിഞ്ഞുകൂടുന്ന ജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും ശുചീകരണ തൊഴിലാളികളുടെ വേതനത്തിനുമായി തനത് ഫണ്ടിൽ നിന്നും ₹6,34,035/– ചെലവഴിച്ചിട്ടുണ്ട്.

പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി:
1. പാരിസ്ഥിതിക സുരക്ഷിതത്വവും ലൈസൻസും: മാലിന്യം നീക്കം ചെയ്യുന്നതിനായി കരാർ ഏർപ്പെട്ടിട്ടുള്ള ലോറികൾക്കും ഏജൻസിക്കും മലിനീകരണ നിയന്ത്രണ ബോർഡ് (PCB), ശുചിത്വ മിഷൻ എന്നിവയുടെ അംഗീകാരമോ ലൈസൻസോ ഇല്ല. ശേഖരിക്കുന്ന മാലിന്യങ്ങൾ എവിടെയാണ് നിക്ഷേപിക്കുന്നത് എന്നതിനെ സംബന്ധിച്ച് വ്യക്തമായ രേഖകളോ ഡിസ്പോസൽ സർട്ടിഫിക്കറ്റോ ഹാജരാക്കിയിട്ടില്ല.

2. ജി.പി.എസ് ട്രാക്കിംഗ് സിസ്റ്റം: മാലിന്യം കൊണ്ടുപോകുന്ന വാഹനങ്ങളിൽ ജി.പി.എസ് (GPS) ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. അഴുകുന്ന മാലിന്യങ്ങൾ 24 മണിക്കൂറിനുള്ളിൽ വാഹനത്തിൽ മാലിന്യ സംസ്കരണ കേന്ദ്രത്തിൽ എത്തിച്ചതായി സ്ഥിരീകരിക്കുന്ന രസീതുകളോ ലോഗ് ബുക്കുകളോ ഫയലിലില്ല.
3. മാലിന്യം കുന്നുകൂട്ടൽ: ഓരോ ദിവസവും ശേഖരിക്കുന്ന ജൈവമാലിന്യങ്ങൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള രണ്ട് കടമുറികളിൽ ദിവസങ്ങളോളം സൂക്ഷിച്ച ശേഷമാണ് കൊണ്ടുപോകുന്നത്. ഇത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്കും ദുർഗന്ധത്തിനും കാരണമാകുന്നു.

മാലിന്യ സംസ്കരണ ഏജൻസിയുടെ ലൈസൻസ്, ജി.പി.എസ് വിവരങ്ങൾ, പൊല്യൂഷൻ കൺട്രോൾ ബോർഡ് അനുമതികൾ എന്നിവ ലഭ്യമാക്കി മാലിന്യങ്ങളുടെ സുഗമമായ കയ്യൊഴിയൽ ഉറപ്പാക്കിയതിന്റെ വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 9 / 06.08.26

1–32 പൊതുമരാമത്ത് വർക്ക് – പൂർത്തീകരണസമയം വൈകിയ പ്രവർത്തികൾക്ക് ഫൈൻ ഈടാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികളിൽ പൂർത്തീകരണസമയം വൈകിയ പ്രവർത്തികൾക്ക് ഫൈൻ ഈടാക്കിയില്ല. പി.ഡബ്ല്യു. ഡി.മാന്വൽ സെക്ഷൻ 2112.1 , ജി.ഒ.(എം.എസ്.) നം.21/2024/PWD/2.4.2024 എന്നിവ പ്രകാരം പൂർത്തീകരിക്കാൻ വൈകുന്ന ഓരോ ആഴ്ചക്കും എഗ്രീഡ് PAC യുടെ 0.1% തുക ഫൈൻ ഇനത്തിൽ കരാറ്കാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഫൈൻ ഈടാക്കാത്ത പ്രവർത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രോജക്ട് നം	പ്രോജക്ടിന്റെ പേര്	ചെലവ്	കരാറ്കാരൻ, എഗ്രിമെന്റ് നം, PAC , പൂർത്തീകരണ കാലയളവ്	സൈറ്റ് ഹാൻഡ് ഓവർ ചെയ്ത തീയതി, പൂർത്തീകരിക്കേണ്ട തീയതി	പൂർത്തീകരിച്ച തീയതി	വൈകിയ കാലയളവ്	ഈടാക്കേണ്ട ഫൈൻ
1	S0132/26	കളീക്കൽ മുക്ക് , മഞ്ഞിപ്പുഴ മുക്ക് റോഡ്	1) 733481 രൂപ (ബിൽ റഫ.നം.1004050/31.102025)	ബൈജു.ആർ 47/AE/LID&EW/OGP/25-26/18.8.2025 ,	25.8.2025 ,24.2.2026	21.3.2026	3 ആഴ്ചയും 4 ദിവസവും	3661 രൂപ

		നവീകരണം . വാർഡ് –12	2) 382447 രൂപ (ബിൽ റഫ.നം.1580874/31.102025)	1046032 രൂപ, 6മാസം				
2	S0183/26	ഓച്ചിറ ഉദ്യാന നഗരം – ചെടിച്ചട്ടികൾക്ക് സ്റ്റാന്റ് നിർമ്മാണം	1) 170000 രൂപ (ബിൽ റഫ.നം.492261/21.8.2025) 2) 52251രൂപ (ചെക്ക് നം.103614/29.8.2025) 3) 30208 രൂപ (ബിൽ റഫ.നം.00295/30.1.2026)	ബൈജു ആർ എഗ്രിമെന്റ് നം.1/AE/LID&EW/OGP/25-26/9.5.25 329023 രൂപ , 4 മാസം	19.5.2025 , 18.9.2025	16.1.2026	17 ആഴ്ചയും 1 ദിവസവും	5625 രൂപ
3	S0175/26	പള്ളിമുക്ക് – തയ്യിൽമുക്ക് കോട്ടയിൽ മുക്ക് റോഡ് റീ ടാറിംഗ്	1) 491577 രൂപ (ബിൽ റഫ.നം.70062/10.11.2025)	ബൈജു ആർ എഗ്രിമെന്റ് നം.1/AE/LID&EW/OGP/25-26/9.5.25 329023 രൂപ	5.8.2025 4.2.2026	21.3.2026	6 ആഴ്ചയും 3 ദിവസവും	2759 രൂപ

ക്രമ നമ്പർ 2 പ്രവൃത്തിയുടെ കരാർ പ്രകാരമുള്ള പൂർത്തീകരണ സമയം 4 മാസമാണ് . പൂർത്തീകരണ സമയം വീണ്ടും 4 മാസം കൂടി നീട്ടി നൽകാൻ കരാറുകാരൻ 10.9.2025 ന് അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ ജി.ഒ.(എം.എസ്.) നം.21/2024/PWD/2.4.2024 പ്രകാരം യഥാർത്ഥ പൂർത്തീകരണസമയത്തിന്റെ പകുതിയിൽ അധികം സമയം എക്സ്റ്റൻഷൻ അനുവദിക്കാൻ പാടില്ലെന്നും അതിൽ കൂടുതൽ സമയം ആവശ്യമാണെങ്കിൽ ഹയർ അതോറിറ്റിയിൽ നിന്നുള്ള മുൻകൂർ അനുമതി ആവശ്യമാണെന്നും അറിയിച്ചിട്ടുണ്ട് .
അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം . 12/6.8.2026 ന് നൽകിയ മറുപടിയിൽ കറാറുകാരന്റെതല്ലാത്ത കാരണത്താലാണ് പ്രവർത്തി നീണ്ടു പോയതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ അധികസമയം അനുവദിക്കുന്നതിനായി കരാറ്കാരൻ അപേക്ഷ സമർപ്പിച്ചിട്ടില്ല . അധിക സമയത്തിന്റെ ആവശ്യകത സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് തയ്യാറാക്കുകയോ ആയത് ഭരണസമിതി അംഗീകരിക്കുകയോ ചെയ്തിട്ടില്ല. അതിനാൽ മറുപടി അംഗീകരിക്കുന്നില്ല.ഫൈൻ ഇനത്തിൽ ഈടാക്കാനുള്ള തുക 12045 രൂപ ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1–33 ടാറിന്റെ ബാരൽ വില – ബന്ധപ്പെട്ട അക്കൌണ്ടിലേക്ക് അടച്ചിട്ടില്ല

2025–26 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ 24 റോഡ് വർക്കുകളിൽ നിന്ന് ടാറിന്റെ ബാരൽ വിലയിനത്തിൽ 108225 രൂപ ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടച്ചിട്ടുണ്ട്. ആയത് ബന്ധപ്പെട്ട അക്കൌണ്ടിലേയ്ക്ക് അടച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം . 13/6.8.2026 ന് നൽകിയ മറുപടിയിൽ ബാരലിന്റെ വില തിരികെ അടച്ചതിന്റെ രേഖകൾ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. തുക സർക്കാരിലേക്ക് തിരികെ അടച്ച് രേഖകൾ പരിശോധനക്ക് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്

1-34 NREGS പ്രവർത്തികൾ - ചരക്ക് സേവന നികുതിയിൽ നിന്ന് റ്റി.ഡി.എസ് കുറവ് വരുത്തിയിട്ടില്ല .

എൻ.ആർ.ഇ.ജി.എസ് പ്രവർത്തികളിൽ കരാർ പ്രകാരം പ്രവർത്തി ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്.ടി.-റ്റി.ഡി.എസ് സ്രോതസ്സിൽ കുറവ് ചെയ്തിട്ടില്ല.

2017 ലെ ജി.എസ്.ടി നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യം വരുന്ന വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും വിതരണക്കാരനിൽ നിന്ന് (ജി.എസ്.ടി കഴിച്ചുള്ള തുകയുടെ) 2% തുക ജി.എസ്.ടി.യുടെ TDS ഇനത്തിൽ ഉറവിടത്തിൽ നിന്നും കുറവ്ചെയ്ത് ജി.എസ്.ടി വകുപ്പിലടക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

I) റോഡ് കോൺക്രീറ്റ് വർക്കുകളിൽ സാധനം സപ്ലൈ ചെയ്ത കരാറുകാരിൽ നിന്ന് ജി.എസ്.ടി.-റ്റി.ഡി.എസ് ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല വിശദാംശം ചുവടെ ചേർക്കുന്നു

ക്രമ നമ്പർ	വർക്കിന്റെ പേര്	കരാറുകാരന്റെ പേര്	നികുതി ബാധകമായ കരാർ തുക	ഈടാക്കേണ്ട ജി.എസ്.ടി.-റ്റി.ഡി.എസ് (2%)
1	കളരി വാതുക്കൽ വീട് ഒഴുക്കുപാട്ടത്തിൽ വീട് കോൺക്രീറ്റിംഗ് വാർഡ് 7	അനിക്കുട്ടൻ	339220	6784
2	റെയിൽവേ മുക്ക് കുറ്റിയിൽ റോഡ് കോൺക്രീറ്റ് വാർഡ് 4	റജീന അബ്ദുൾ ലത്തീഫ്	289756	5795
3	നാരായണീയം ടു ഉദയ ജംഗ്ഷൻ റോഡ് കോൺക്രീറ്റ് വാർഡ്-10	റജീന അബ്ദുൽ ലത്തീഫ്	310431	6208
4	ആനയടി ജംഗ്ഷൻ കണ്ടത്തിൽ തറ റോഡ് കോൺക്രീറ്റിംഗ്	റജീന അബ്ദുൽ ലത്തീഫ്	207684	4153

	വാർഡ് 3			
5	പുത്തൻ കണ്ടത്തിൽ നാൽപതിനാഴി ചന്ത വാർഡ് 2	ബൈജു ആർ	ഇൻവോയ്സ് ഇല്ല	
6	ഹർഷൻ ഷൈലാലയം വയനകം മാർക്കറ്റ് റോഡ് കോൺക്രീറ്റിംഗ് വാർഡ് 5	സന്തോഷ് കുമാർ ജെ	156219	3124
7	കാക്കന്റയ്യത്ത് രതീഷ് ഭവനം റോഡ് കോൺക്രീറ്റ് വാർഡ് 5	സന്തോഷ് കുമാർ ജെ	174837	3496
8	പാലപ്പള്ളി ലെയിൻ വാർഡ് 5	സന്തോഷ് കുമാർ ജെ	129044	2580
ആകെ				32140

ക്രമ നം.5 പ്രകാരമുള്ള വർക്കിന്റെ ഇൻവോയിസ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. TDS ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്

2) മുൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയ 113 പ്രവർത്തികളുടെ സൈൻ ബോർഡ് നിർമ്മിച്ച ഇനത്തിൽ കുടുംബശ്രീ യൂണിറ്റിന് 349500 രൂപ തൻ വർഷത്തിൽ നൽകിയിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റിന് ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്തതിനാൽ 18% ജി.എസ്.ടി (62910 രൂപ) ഇവരിൽ നിന്ന് നേരിട്ട് പിടിച്ച് ജി.എസ്.ടി വകുപ്പിൽ അടക്കേണ്ടതാണ്.അപാകത സംബന്ധിച്ച് നൽകിയ **ഓഡിറ്റ് എൻക്വയറി നം . 20/10-8-26 ന്** നൽകിയ മറുപടിയിൽ ക്രമ നമ്പർ 1 ൽ കരാർ തുക മാറി നൽകിയിട്ടില്ലെന്ന് അറിയിച്ച കരാർ തുക മാറി നൽകുന്ന മുറക്ക് TDS ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ക്രമ നം. 2 ൽ തുക ഗ്രാമ പഞ്ചായത്ത് സി.ഡി.എസിന് കൈമാറിയതായി അറിയിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റിൽ നിന്നും ജി.എസ്.ടി ഈടാക്കി ജി.എസ്.ടി വകുപ്പിൽ അടച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1-35 കേരള വാട്ടർ അതോറിറ്റിയിൽ നിന്നും റീഫണ്ട് ലഭിച്ച തുക തിരിച്ചടക്കാതെ പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

കേരള വാട്ടർ അതോറിറ്റിക്ക് വിവിധ പദ്ധതികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ വിനിയോഗിക്കാതെ ബാക്കിവന്ന ₹ 6,96,262/- (ആറ് ലക്ഷത്തി തൊണ്ണൂറ്റാറു ആയിരത്തി ഇരുന്നൂറ്റി അറുപത്തിരണ്ട് രൂപ) 2021-22

സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് റീഫണ്ടായി ലഭിച്ചിട്ടുള്ളതാണ്. പ്രസ്തുത തുക 3504099 – Refund Payable Others എന്ന പ്രത്യേക ഹെഡിലാണ് വരവ് വച്ചിട്ടുള്ളത്. സെക്രട്ടറി ലഭ്യമാക്കിയ രേഖകൾ പ്രകാരം താഴെപ്പറയുന്ന പ്രോജക്ടുകൾക്കായാണ് തുക അനുവദിച്ചിരുന്നത്.

പ്രോജക്ടിന്റെ നമ്പർ, പേര്	വർഷം	റീഫണ്ട് ലഭിച്ച തുക (₹)
Project No. 67 – Pipe Line Extension	2017–18	94,695/–
Project No. 06 – Pipe Line Extension	2018–19	5,94,540/–
Project No. 107 – Pipe Line Extension	2019–20 (Ward 13)	7,027/–
ആകെ റീഫണ്ട് തുക		**6,96,262/–**

പ്രോജക്ട് തുകകളുടെ ഫണ്ടിനം ലഭ്യമാക്കേണ്ടതാണ്.

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ച തുക ബന്ധപ്പെട്ട ഏജൻസിക്കോ/സർക്കാർ വിഹിതത്തിലേക്കോ തിരിച്ചടയ്ക്കേണ്ടതോ അല്ലെങ്കിൽ നിർദ്ദിഷ്ട മാനദണ്ഡങ്ങൾ അനുസരിച്ച് പുനഃക്രമീകരിക്കേണ്ടതോ ആണ്. എന്നാൽ, ഈ തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നത് ശരിയായ നടപടിയല്ല. ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിനത്തിൽ ഉൾപ്പെട്ടിട്ടില്ലാത്ത തുക അടിയന്തരമായി പരിശോധിച്ച ബന്ധപ്പെട്ട ഏജൻസിക്ക് തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. തിരിച്ചടവ് പൂർത്തിയാക്കിയ ശേഷം വൗച്ചർ വിവരങ്ങളും ചലാൻ പകർപ്പും ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.16 / 08.08.26

1–36 നിർവ്വഹണഏജൻസികൾക്ക് നല്കിയ അഡ്വാൻസുകൾ ക്രമീകരിച്ചിട്ടില്ല

ധനകാര്യപത്രികയിലെ B–18 ഷെഡ്യൂൾ പ്രകാരം നിർവ്വഹണ ഏജൻസികൾക്ക് നൽകിയ ₹22,32,847/– രൂപയുടെ അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ , സെക്രട്ടറി സാക്ഷ്യപ്പെടുത്തി നല്കിയ വിവരങ്ങൾ പട്ടികയായി ചേർക്കുന്നു.

ഏജൻസി	പ്രോജക്ട് വിവരങ്ങൾ	ഡെപ്പോസിറ്റ് ചെയ്ത തുക ₹	വിനിയോഗിച്ച തുക ₹	ബാലൻസ് ₹
കെ.ഡബ്ല്യു.എ (KWA)	പ്രോജക്ട് നം.51/2018–19 അങ്കണവാടി വാട്ടർ കണക്ഷൻ	85500	0	85500

	പ്രോജക്ട് നം.76/2021-22 അങ്കണവാടി നം.130 വാട്ടർ കണക്ഷൻ	151000	86013	64987
കെ.എസ്.ഇ.ബി (KSEB)	പ്രോജക്ട് നം.64/2017-18 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (ഓച്ചിറ)	200000	0	200000
	പ്രോജക്ട് നം.13/2018-19 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (ഓച്ചിറ)	1293516	0	1293516
	പ്രോജക്ട് നം.13/2018-19 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (ഓച്ചിറ)	299637	0	299637
	പ്രോജക്ട് നം.197/2021-22 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് (ഓച്ചിറ)	18704	0	18704
	പ്രോജക്ട് നം.197/2021-22 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് (കൃഷ്ണപുരം KSEB ഓഫീസ്)	44257	0	44257
	പ്രോജക്ട് നം.197/2021-22 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് (മണപ്പള്ളി KSEB ഓഫീസ്)	11659	0	11659
	പ്രോജക്ട് നം.76/2024-25 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് (ഓച്ചിറ KSEB ഓഫീസ്)	200000	0	200000
പി.ഡബ്ല്യു.ഡി (PWD)	പ്രോജക്ട് നം.192/2021-22 സിഎച്ച്സി സബ് സെന്റർ റീവയറിംഗ്	137000	122413	14587
	ആകെ (Total)			**2232847**

ഇതിൽ കേരള വാട്ടർ അതോറിറ്റിയിൽ അങ്കണവാടി വാട്ടർ കണക്ഷനുമായി ബന്ധപ്പെട്ട് വിനിയോഗിക്കാതെ ശേഷിക്കുന്ന ₹64,987/- രൂപയും, PWD വഴി CHC സബ്സെന്റർ റീവയറിംഗിൽ വിനിയോഗിക്കാതെ ശേഷിക്കുന്ന ₹14,587/- രൂപയും ഇനിയും തിരിച്ചുകിട്ടിയിട്ടില്ലെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു എന്ന് വ്യക്തമാക്കിയെങ്കിലും, വിനിയോഗിക്കാത്ത പൊതുപണം ഏജൻസികളിൽ ദീർഘകാലമായി നിഷ്ക്രിയമായി ഡെപ്പോസിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത് ക്രമപ്രകാരമല്ല. ആയതിനാൽ, KSEBL, KWA, PWD തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ബാക്കി തുകകൾ അടിയന്തരമായി തിരിച്ചുപിടിച്ച് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുകയും, അഡ്വാൻസ് രജിസ്റ്റർ കൃത്യമായി അഡ്ജസ്റ്റ് ചെയ്ത് ഓഡിറ്റിന് ഹാജരാക്കുകയും ചെയ്യേണ്ടതാണ്. ഇത്തരം ഡെപ്പോസിറ്റ് ഫണ്ടിനങ്ങളിൽ സർക്കാർ ഗ്രാന്റ് തുകകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും തുക സർക്കാരിലേക്ക് ഒടുക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.16 / 08.08.26

ഭാഗം –2

വരവ്–വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം –3

ചെലവ്–വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3–1 സി.സി.റ്റി.വി ക്യാമറ സ്ഥാപിയ്ക്കൽ കരാറുകാരന് 5980/– രൂപ അധികം നൽകി

പ്രോജക്ട്	160/26,എം.സി.എഫ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ
അടങ്കൽ തുക	394600/–(കേന്ദ്രാവിഷ്കൃത ഫണ്ട്–70000,തനത് ഫണ്ട്– 23800,നഗരസഞ്ചയ ഫണ്ട്–3,00,800)
ചെലവ് തുക	17420/– (തനത് ഫണ്ട്) 9940–ചെക്ക് നമ്പർ–104262/31–01–2026, 7480–ചെക്ക് നമ്പർ–104277/5–03–2026 300800 (നഗരസഞ്ചയ ഫണ്ട്) 113830–FNCR–00332688–2025,8–08–25, 186970–FNCR–00666514–2025,4–11–25)

എം.സി.എഫ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി എം.സി.എഫിൽ ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനർ ആയിട്ടുള്ള ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുള്ളതിനാലും ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നത് ടെക്നിക്കൽ കമ്മിറ്റിക്ക് അപേക്ഷ നൽകുകയും ചെയ്തിരുന്നു.ആയത് പ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ സാങ്കേതിക അനുമതി നൽകിയ പ്രവൃത്തിക്ക് ടെൻഡർ ചെയ്യുകയും ഇ-ടെണ്ടർ ക്ഷണിച്ചത് പ്രകാരം കുറഞ്ഞ തുക ക്വോട്ട് ചെയ്ത ഇ.വി.കെ.അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി നടപ്പിലാക്കി.

കരാറുകാരൻ ക്വോട്ട് ചെയ്ത തുക അല്ല ഇനങ്ങൾക്ക് നൽകിയിരിക്കുന്നത്.എസ്റ്റിമേറ്റിൽ Supply And Installation Of Surveillance 6 TB Hard Disc ആണ് ഉൾപ്പെടുത്തിയിരുന്നത് .എന്നാൽ സ്ഥാപിച്ചത് 4TB Hard Disc ആണ് .

വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഇനം	എണ്ണം	ക്വോട്ട് ചെയ്ത തുക(രൂപ)	നൽകിയ നിരക്ക് (രൂപ)	നൽകേണ്ടിയിരുന്ന തുക (രൂപ)	നൽകിയ തുക (രൂപ)
1	Supply And Installation Of 4 MP Bullet Camera	7	2800	3200	19600	22400
2	Supply And Installation Of Turbo HD 8 Channel Metal DVR 5MP Support 6TB HDD Supporting	1	12500	9000	12500	9000
3	Supply And Drawing 3 +1CCTV Cable	300m	50	56	15000	16800
4	Supply And Fixing Of Size Of Medium Class PVC Conduit Along With Accessories In Surface As Required 20mm	200mtr	60	82	12000	16400

5	Supply And Fixing 19 Inch 6U Wall Mount Rack Having Water Having 600 Mm Depth	1	6000	5800	6000	5800
6	Supply And Installation Of 12 Volt DC 20 Amp Power Adapter	1	3500	1835	3500	1835
7	Supply Installation Testing And Commissioning Of 22 Inches LED Display Monitor	1	7000	7365	7000	7365
8	Supply And Providing 8 MB Passing Video Push Terminal CCTV Accessories	7 Pair	60	200	420	1400
9	Supply And Installation 1 KVA UPS	1	5500	6500	5500	6500
				ആകെ	81520	87500

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ വാല്വേഷൻ പ്രകാരമുള്ള തുകയാണ് കരാറുകാരന് നൽകിയിരിക്കുന്നത് എന്ന് മറുപടി ലഭ്യമാക്കി .ആയത് അംഗീകരിക്കാൻ കഴിയില്ല . എസ്റ്റിമേറ്റിൽ ഉൾപ്പെട്ട 6 TB Hard Disc ന് പകരം 4 TB Hard Disc സ്ഥാപിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും കരാറുകാരൻ കോട്ട് ചെയ്ത തുകയിൽ കുടുതൽ ഇനങ്ങൾക്ക് നൽകിയത് വഴി അധികം നൽകിയ 5980/- രൂപ തിരികെ ഈടാക്കേണ്ടതുമാണ്.അല്ലാത്ത പക്ഷം ടി തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി തുടർ നടപടി സ്വീകരിക്കുന്നതാണ്.
നിരാകരിക്കുന്ന തുക-5980/- രൂപ
ഓഡിറ്റ് എൻക്വയറി നമ്പർ-8/05-08-26

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷം	ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
2025 ഏപ്രിൽ	19	9500/-	0	
2025 മെയ്	19	9500/-	0	
2025 ജൂൺ	19	9500/-	0	
2025 ജൂലൈ	18	9000/-	0	
2025 ആഗസ്റ്റ്	20	10000/-	0	
2025 സെപ്റ്റംബർ	18	9000/-	0	
2025 ഒക്ടോബർ	18	9000/-	0	
2025 നവംബർ	17	8500/-	0	
2025 ഡിസംബർ	18	9000/-	0	
2026 ജനുവരി	19	9500/-	0	
2026 ഫെബ്രുവരി	19	13053/-	0	
2025 മാർച്ച്	19	13053/-	0	
	ആകെ	118606/-		

4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2025-26	05.08.2026 മുതൽ 06 .08.2026 വരെ	കെ.എസ്.എ.കെ.എൽ.എം.പി.8/ 1514/26 തീയതി.08.09.2026

4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (₹)	പ്രോജക്ടിന്റെ പേര്	ചെലവ് (₹)	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2025-26	3,80,000/-	ലൈഫ് ഭവന നിർമ്മാണ പദ്ധതി (ജനറൽ-63/26,)	3,80,000/-	0
ബ്ലോക്ക് പഞ്ചായത്ത്	2025-26	4,11,200/-	ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ (15/26)	4,11,200/-	0
ബ്ലോക്ക് പഞ്ചായത്ത്	2025-26	1,05,477/-	പാലിന് സബ്സിഡി (ജനറൽ-61/26)	1,05,477/-	0
ജില്ലാ പഞ്ചായത്ത്	2025-26	5,00,000/-	ലൈഫ് ഭവന നിർമ്മാണ പദ്ധതി (ജനറൽ-152/26,SO)	5,00,000/-	0
ജില്ലാ പഞ്ചായത്ത്	2025-26	1,50,000/-	ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ(15/26)	1,50,000/-	0
ജില്ലാ പഞ്ചായത്ത്	2025-26	2,05,950/-	പാലിന് സബ്സിഡി (ജനറൽ-61/26)	2,05,950/-	0

4-4 നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ചെക്ക് നം.	മുൻകൂർ നൽകിയ തുക (₹)	ചെലവഴിച്ച തുക (₹)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)
KSEB	ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പ്രോജക്ട് നം 76/2025-26	101819/04-06-25(11874/-) 104228/28-10-25(19098/-) MA08585186/06-01-26(20921/-) 104272/18-02-26(33465/-)	200000/-	200000/-	0

		104273/23-02-26(28024/-) 104289/24-03-26(86618/-/-)			

4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-6 വായ്പ , വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിലെ വരവ് ₹44,00,000/- ആണ് . ₹42,00,000/- തൻവർഷം വിനിയോഗിച്ചിട്ടുണ്ട്. സാമ്പത്തിക വർഷാവസാനത്തെ നീക്കിയിരിപ്പ് തുക ₹5,80,000/- ആണ്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	തൻ വർഷ വായ്പ വരവ് തുക ₹	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹	തൻവർഷം തിരിച്ചടച്ച തുക		വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹
				മുതൽ ₹	പലിശ ₹	
ലൈഫ് ഭവന പദ്ധതി	--	44,00,000	3,69,22.546	33,37,753	-	3,79,84,793

4-7 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	0
തൻവർഷം നിക്ഷേപിച്ച തുക	₹2,00,00,000 /-
ആകെ	₹2,00,00,000 /-
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	₹2,00,00,000 /-

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം	സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്)	നിക്ഷേപിച്ച തിയതി	കാലയളവ്	തുക (₹)	റിമാർക്ക്സ്
1	ബാങ്ക് ഓഫ് ഇന്ത്യ	10.03.26	450 ദിവസം	50,00,000/-	
2	ബാങ്ക് ഓഫ് ഇന്ത്യ	10.03.26	450 ദിവസം	50,00,000/-	
3	ഫെഡറൽ ബാങ്ക്	11.03.26	12 മാസം	50,00,000/-	
4	ഫെഡറൽ ബാങ്ക്	11.03.26	1 ദിവസം	25,00,000/-	
	ഫെഡറൽ ബാങ്ക്	11.03.26	1 ദിവസം	25,00,000/-	
ആകെ				2,00,00,000/-	

4-8 ഓഡിറ്റ് റിക്കവറി

ഇല്ല

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2002-2003	3-1	2006-2007	3-12-1	എഫ്.റ്റി.എസ്. സൂപ്പർ ആന്വേഷന് ശേഷം സർവീസിൽ തുടർന്നു.	പരാമർശം നിലനിൽക്കുന്നു.

4-10 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക (₹)		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1	-	5980/-	ശ്രീമതി.ഷീജ എൻ ,വി.ഇ.ഒ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-23	7,50,000/-	ശ്രീ. ശ്രീരാജ് ആർ, സെക്രട്ടറി
1-24	2,00,000/-	ശ്രീ. ശ്രീരാജ് ആർ, സെക്രട്ടറി
1-25	2,84,782/-	ഡോ. മനോജ പി. എസ്., മെഡിക്കൽ ഓഫീസർ (ഹോമിയോ)
1-30	1,72,307/-	ഡോ. ബിനോയി ഡി രാജ്,മെഡിക്കൽ ഓഫീസർ(സി എച്ച് സി)
ആകെ	14,07,089/-	

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും

1-34	95050	ഡെൻസി വർഗ്ഗീസ് , അക്രഡിറ്റഡ് എഞ്ചിനീയർ ഇടവനമഠത്തിൽ മഠത്തിൽകരാഴ്മ പി.ഒ

(സി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം)	സ്ഥിരം മേൽവിലാസം
ഡോ. ബിനോയി ഡി രാജ്	മെഡിക്കൽ ഓഫീസർ, (സി എച്ച് സി)	9എ ഹൈസ്ട്രിറ്റ് വില്ലാസ് വിനായക നഗർ,കല്ലയം പി ഒ,തിരുവനന്തപുരം പിൻ-696043
ശ്രീമതി.ഷീജ എൻ	വി.ഇ.ഒ	കലമ്പാട്ട് വീട്,തോട്ടിൻ വടക്ക്,ചവറ പിൻ-691583
ശ്രീ. ശ്രീരാജ് ആർ, സെക്രട്ടറി	സെക്രട്ടറി, ഓച്ചിറ ഗ്രാമപഞ്ചായത്ത്	മാണിയാമ്പള്ളിൽ, മരു.തെക്ക്, ആലുംകടവ് പിൻ-690573
ഡോ. മനോജ പി. എസ്.	മെഡിക്കൽ ഓഫീസർ (ഹോമിയോ), ഓച്ചിറ ഗ്രാമപഞ്ചായത്ത്	മഠത്തിൽ കിഴക്കതിൽ ശക്തികുളങ്ങര പി.ഒ., കൊല്ലം- 691581

<u>4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം

1995-96	കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി. 21/2/18	7
1996-97 & 1998-99	കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി. 21/2/18	1
2001-2002	കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18	1
2002-2003	കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18	2
2003-2004	കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18	1
2004-2005	കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18	4
2005-2006	കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18	1
2007-2008	കെ.എസ്.എ.കെ.എൽ.എം.പി 8/722(1)/19 തീയതി. 29/05/2019	1
2008-2009	കെ.എസ്.എ.കെ.എൽ.എം.പി 8/722(2)/19 തീയതി.29/05/2019	3
2009-2010	കെ.എസ്.എ.കെ.എൽ.എം.പി 8/722(3)/19 തീയതി.29/05/2019	3
2015-16	കെ.എസ്.എ.കെ.എൽ.എം-പി8/അദാലത്ത് 2015-16/200/22; 22.08.22	3
2016-17	കെ.എസ്.എ.കെ.എൽ.എം-8/1976/17;25.4.2018	11
2017-18	കെ.എസ്.എ.കെ.എൽ.എം-പി8/1894/18;14/3/19-28/3/19	24
2018-19	കെ.എസ്.എ.കെ.എൽ.എം.പി8/1034/19/22/05/20	10
2019-20	കെ.എസ്.എ.കെ.എൽ.എം-പി8/1277/21, 12-11-21 /19-01-22	12
2020-21	കെ.എസ്.എ.കെ.എൽ.എം-പി8/8/1276/ 21, 19/03/2022	23
2021-22	കെ.എസ്.എ.കെ.എൽ.എം-പി8/1833/22 തീയതി 31.12.2022	എല്ലാ ഖണ്ഡികകളും
2022-23	കെ.എസ്.എ.കെ.എൽ.എം-പി8/2233/2023 തീയതി 28/12/2023	എല്ലാ ഖണ്ഡികകളും
2023-24	കെ എസ് എ .കെ എൽ എം -പി.8/2204/24, തീയതി 09/12/2024	എല്ലാ ഖണ്ഡികകളും
2024-25	കെ എസ് എ .കെ എൽ എം -പി.8/2286/25, തീയതി 18/12/2025	എല്ലാ ഖണ്ഡികകളും

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

Annexure-1

Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 06-07-2026 and submitted on 08-07-2026 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2026 and Balance sheet as on 31-03-2026 , with supporting forms, of the Oachira Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to

the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2025-2026 and Financial position of Oachira Grama Panchayat as on 31-03-2026

Date: 08/09/2026 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Oachira Grama Panchayat for the Year 2025-2026.

1.Major Observations

Nil

2.Other Observations

(i) Cheques deposited not credited in bank accounts– further action not taken

(ii) Ledger accounts were not reconciled periodically and differences existed in various source documents

(iii) Asset Register (values entered) and DCB Registers are not maintained.

(iii) Entries on arrears of property tax in previous year didnot match with respective entries in the current financial year

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2025-2026 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്